# പൈതൃകവിമർശം

**തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല**
**സംസ്കാരപൈതൃകപഠനസ്കൂൾ ജേണൽ**
യു.ജി.സി-കെയർ പട്ടികയിലുള്ളത്

## മലയാളവിമർശനം

### സാഹിത്യം | സംസ്കാരം | പൈതൃകം

മലയാളം എന്ന ദേശവും മലയാളി എന്ന ജനതയും സംഹാരലോലുപരായ സംസ്കൃതാവതാരങ്ങൾ മഴുവെറിഞ്ഞു നിർമിച്ച, രക്തപിപാസയുടെ ഭാർഗവക്ഷേത്രമല്ല; നാരായണഗുരുവിലും അയ്യങ്കാളിയിലും ചരിത്രത്തിൽ പേരുരേഖപ്പെടുത്താത്ത അനേകം മനുഷ്യരിലുംകൂടി പ്രവഹിക്കുന്ന ഉച്ഛൃംഖലമായ മനുഷ്യേച്ഛ നിർമിച്ച സാഹോദര്യത്തിന്റെ മാതൃകാസ്ഥാനമാണ്. യുഗനിർമാണാത്മകമായ ഈ ഇച്ഛയാണ് വിമർശനം. ഈയർഥത്തിൽ, സാഹിത്യം, സംസ്കാരം, പൈതൃകം എന്നിങ്ങനെ തന്മാനിർമിതിയുടെ വിഭിന്നമേഖലകളിൽ മലയാളവിമർശനത്തിന്റെ സൂക്ഷ്മമുഖ ഇടപെടലുകൾ വിശദീകരിക്കുന്ന പ്രബന്ധങ്ങൾ. സ്കറിയാ സക്കറിയ, വി.സി.ശ്രീജൻ, സുനിൽ പി.ഇളയിടം, വത്സലൻ വാതുശ്ശേരി, എൻ.അജയകുമാർ, ദിലീപ്കുമാർ കെ.വി, യാക്കോബ് തോമസ് തുടങ്ങിവർ എഴുതുന്നു.

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
www.malayalamuniversity.edu.in

പൈതൃകവിമർശം
സംസ്കാരപൈതൃകപഠനസ്കൂൾ ജേണൽ
യു.ജി.സി-കെയർ പട്ടികയിലുള്ളത്

ലക്കം പത്രാധിപർ കെ.വി.ശശി

paithrukavimarsam@gmail.com

5
പൈതൃകവിമർശം - സംസ്കാരപൈതൃകപഠനസ്കൂൾ ജേണൽ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല സംസ്കാരപൈതൃകപഠനസ്കൂൾ ജേണൽ

# പൈതൃകവിമർശം

വാല്യം 5, ലക്കം 1. ഏപ്രിൽ 2023
യു.ജി.സി-കെയർ പട്ടികയിലുള്ളത്










## ഉള്ളടക്കം

**ആമുഖം**

**പ്രൊഫ.സ്കറിയാ സക്കറിയ** **09**
മലയാളവിമർശനം: സൗന്ദര്യവും രാഷ്ട്രീയവും
**പ്രൊഫ.വത്സലൻ വാതുശ്ശേരി** **36**
ആദ്യകാലമലയാളസാഹിത്യവിമർശനം:
എഴുത്തുകളും തിരുത്തുകളും
**പ്രൊഫ.സുനിൽ പി.ഇളയിടം** **67**
ചരിത്രവും സാഹിത്യപാഠവും: മാർക്സിസത്തിന്റെ വഴി
**പ്രൊഫ.വി.സി.ശ്രീജൻ** **79**
ഇന്ദുലേഖയിലെ സംസ്കൃതശ്ലോകങ്ങൾ
**പ്രൊഫ.എൻ.അജയകുമാർ** **85**
സംസ്കൃതസാഹിത്യംകൊണ്ട്
മലയാളനിരൂപണമെഴുതിയ മാരാര്
**ഡോ.യാക്കോബ് തോമസ്** **100**
പൈതൃകവും ലിംഗപദവിയും:
നാലുകെട്ടുകളെ ചരിത്രവല്കരിക്കുമ്പോൾ
**കെ.വി.ശശി** **120**
ജാതിഭേദം മതദ്വേഷം: സനാതനധർമത്തിന്റെ മലയാളഭൂതം
**സജിത കെ.വി** **146**
പരസ്യം: ഓർമകളുടെ സംവേദനവും നിർമാണവും
**ഡോ.ജി.സജിന** **157**
സാഹിത്യവിമർശനവും പാഠവിമർശനവും

**ജോൺ കെന്നടി എ** **162**
ജാതിയിൽ എഴുതിയ കേരളം: മലയാളവിമർശനത്തിലെ ദേശം
**പ്രൊഫ.ദിലീപ്കുമാർ കെ.വി** **172**
ചരിത്രം സംസ്കാരം ജനജീവിതം:
മണിപ്രവാളത്തിലെ കാലസ്പന്ദങ്ങൾ
**ഡോ.രവി കെ.പി.** **188**
ഇന്ത്യൻ ആഖ്യാനപാരമ്പര്യവും
ദളിത്‌വിമർശനാത്മകസാമൂഹികതയും
**ഡോ.കെ.എസ്.ഹക്കിം** **217**
സമൂഹശാസ്ത്രവിജ്ഞാനവും മാതൃഭാഷാകാഴ്ചപ്പാടും:
പരിമിതികൾ സാധ്യതകൾ തിരുത്തലുകൾ
**പ്രൊഫ.കെ.എം.ഭരതൻ** **240**
രാമായണം: നോവൽപാഠങ്ങളും
അമീഷ് ത്രിപാഠിയുടെ സീതയും

പൈതൃകവിമർശം
5(1) 217-239, 2023
സംസ്കാരപൈതൃകപഠനസ്കൂൾ
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

ഡോ. കെ. എസ്. ഹക്കിം

# സമൂഹശാസ്ത്രവിജ്ഞാനവും മാതൃഭാഷാകാഴ്ച്ചപ്പാടും: പരിമിതികൾ സാധ്യതകൾ തിരുത്തലുകൾ

## ആമുഖം

എല്ലാ വിജ്ഞാനത്തെയും മലയാളത്തിലൂടെ വിനിമയം ചെയ്യുക, അതിനുള്ള ശേഷി മലയാളഭാഷയ്ക്ക് കൈവരുത്തുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച മലയാളസർവകലാശാലയിൽ 2015-ലാണ് സമൂഹശാസ്ത്രപഠനവിഭാഗം(sociology)ആരംഭിക്കുന്നത്. കേരളത്തിൽ മാതൃഭാഷയിൽ സമൂഹശാസ്ത്രപഠനത്തിൽ ഉപരിപഠനവും ഗവേഷണവും നടത്താനുള്ള ആദ്യ ഉദ്യമമായിരുന്നു അത്. പ്രാദേശികഭാഷകളെ വിജ്ഞാനഭാഷകളാക്കി മാറ്റാനുള്ള ശ്രമങ്ങൾ സത്വരമായി നടക്കുമ്പോഴും, അവ പൂർണ്ണമായി വിജയിക്കുന്നില്ല എന്ന യാഥാർത്ഥ്യം ഈ മേഖലയെ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്ക് അറിയാം. ഗവേഷകൻ, അധ്യാപകൻ എന്നീ നിലകളിൽ സമൂഹശാസ്ത്രവൈജ്ഞാനികമേഖലയിൽ എനിക്കുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ ശ്രമങ്ങൾ എന്തുകൊണ്ട് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല എന്നതിനെ സംബന്ധിച്ച ചിന്തകളാണ് ഇവിടെ പങ്കുവെക്കുന്നത്. കേവലം ഭാഷാപരമായ പ്രശ്നങ്ങളല്ല ഈ പ്രതിസന്ധിക്ക് കാരണം. സമൂഹശാസ്ത്രം പോലുള്ള മാനവികവിഷയങ്ങൾ നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ ലോകമാതൃകകളുമായി താരതമ്യപ്പെടുത്താവുന്ന തരത്തിൽ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഇനിയും ഏറെ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. മലയാളസർവകലാശാലയ്ക്ക് ഇക്കാര്യത്തിൽ ഒരുപാട് സംഭാവനകൾ നൽകാൻ കഴിയും. മാതൃഭാഷയിൽ ഊന്നിനിന്നുകൊണ്ട് സമഗ്രവും ഫലപ്രദവുമായ സമൂഹശാസ്ത്രപഠനം വിഭാവന ചെയ്തുകൊണ്ട് സമൂഹശാസ്ത്രപഠനമേഖലയിലെ ഭാവികാലമാതൃകകളായി അവയെ സ്ഥാനപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുള്ള വലിയ ഉത്തരവാദിത്തവും മലയാളസർവകലാശാലയിലെ സമൂഹശാസ്ത്രപഠനവിഭാഗത്തിനുണ്ട്.

മാതൃഭാഷയിലൂടെ സമൂഹശാസ്ത്രം പഠിപ്പിക്കുന്നതിലെ പ്രയാസങ്ങളാണ് ഈ പ്രബന്ധത്തിൽ ചർച്ചചെയ്യുന്നതെങ്കിലും ഇവിടെ പങ്കുവെക്കുന്ന

നിരീക്ഷണങ്ങൾ എല്ലാ മാനവികവിഷയങ്ങളുടെയും കാര്യത്തിൽ പ്രസക്തമാണെന്ന വാസ്തവം ആമുഖമായി തന്നെ സൂചിപ്പിച്ചു കൊള്ളട്ടെ. മലയാളം പോലുള്ള ഒരു പ്രാദേശികഭാഷയിൽ സോഷ്യോളജി പഠിപ്പിക്കുക എന്നത് വെല്ലുവിളികൾ നിറഞ്ഞ ഒന്നാണ്. ഏഴുവർഷം മുമ്പ് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ സോഷ്യോളജി അധ്യാപകനായി സേവനമാരംഭിച്ച ഘട്ടത്തിലാണ് ഈ ബുദ്ധിമുട്ട് ഞാൻ അനുഭവിച്ചറിഞ്ഞത്. മലയാളം ബോധനമാധ്യമമായി ഉപയോഗിക്കുന്ന ഒരു സോഷ്യോളജി ക്ലാസിൽ കാര്യമായ മുന്നൊരുക്കങ്ങളില്ലാതെ വിദ്യാർത്ഥികളോട് ദീർഘനേരം സംവദിക്കാൻ സാധിക്കും. കാരണം അധ്യാപകനായ എന്റെയും കേൾവിക്കാരായ വിദ്യാർഥികളുടെയും മാതൃഭാഷയിലാണ് ഇവിടെ വിജ്ഞാന വിനിമയം നടക്കുന്നത്. എന്നാൽ മാതൃഭാഷയിലുള്ള അധ്യാപനത്തെ സംബന്ധിച്ച എന്റെ ആശങ്ക സമൂഹശാസ്ത്രചിന്തയുടെ സൂക്ഷ്മതയ്ക്കും കൃത്യതയ്ക്കും കോട്ടം വരാതെ എത്രനേരം അല്ലെങ്കിൽ എത്രകാലം വിദ്യാർത്ഥികളോട് സംവദിക്കാൻകഴിയും എന്നതായിരുന്നു. അതായത് മലയാളത്തിൽ സംവദിക്കുക എന്നതിനപ്പുറം ആ ഭാഷയിൽ സമൂഹശാസ്ത്രത്തെ അതിന്റെ സത്തമുഴുവൻ ഉൾക്കൊണ്ടുകൊണ്ട് എങ്ങനെ പഠിപ്പിക്കാൻ കഴിയും എന്നതാണ് യഥാർഥ പ്രശ്നം. ഈ അർത്ഥത്തിൽ സമൂഹശാസ്ത്രപഠനത്തെ സംബന്ധിച്ചിടത്തോളം വൈജ്ഞാനികഭാഷ എന്ന നിലയിലുള്ള മലയാളഭാഷയുടെ വിനിമയശേഷി പരിമിതമാണെന്നാണ് മലയാളസർവകലാശാലയിലെ അധ്യാപനജീവിതത്തിന്റെ ആദ്യകാലങ്ങളിൽ എനിക്ക് അനുഭവപ്പെട്ടത്. മാതൃഭാഷയിലൂടെയുള്ള വൈജ്ഞാനികപഠന-ബോധനപ്രക്രിയ കാര്യക്ഷമമാക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും അതിനുള്ള പ്രയോഗമാതൃകകളെക്കുറിച്ചുമുള്ള ചില ആലോചനകളാണ് ഈ പ്രബന്ധത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ വിശകലനം ചെയ്യുന്നത്.

**മലയാളത്തിലുള്ള എഴുത്തും വായനാവിഭവങ്ങളുടെ ലഭ്യതയും**

മാതൃഭാഷയിലുള്ള വ്യവസ്ഥാപിതവും ശാസ്ത്രീയവുമായ എഴുത്തിന് പശ്ചാത്തലമൊരുക്കുന്നതിൽ സാങ്കേതികപദാവലികളുടെ നിർമ്മിതി ഒഴിച്ചുകൂടാനാകാത്ത ഘടകമാണ്. ഒരു പ്രാദേശികഭാഷയിലെ പ്രയോഗയോഗ്യമായ സമൂഹശാസ്ത്രപദങ്ങളുടെയും സംജ്ഞകളുടെയും അഭാവം സമൂഹശാസ്ത്രം പഠിപ്പിക്കുന്നതിന് പ്രാദേശികഭാഷ സ്വീകരിക്കുന്നതിനുള്ള ഒരു പ്രധാന തടസ്സമാണ്. ഈ കുറവ് പരിഹരിക്കുന്നതിന് സമൂഹശാസ്ത്രപഠന സംബന്ധിയായ സാങ്കേതികപദങ്ങളുടെ രൂപപ്പെടുത്തലും മാനകീകരണവും മാത്രം മതിയാകില്ല. സമൂഹശാസ്ത്രപഠനവും അധ്യാപനവും അനുബന്ധ മാനവികവിഷയങ്ങളുടെ ആശയങ്ങളെക്കൂടി മനസ്സിലാക്കി വേണം രൂപകൽപ്പന ചെയ്യാൻ. അതുകൊണ്ടുതന്നെ എല്ലാവിജ്ഞാനമേഖലകളിലും ഈ പ്രക്രിയ ഒരേസമയം സംഭവിക്കുകയും തുടരുകയും ചെയ്യേണ്ടത് അനിവാര്യമാണ്. മാത്രമല്ല, പദാവലിയുടെ സ്വാഭാവികപരിണാമപ്രക്രിയയും അതിന്റെ നിലവാരം ഉറപ്പാക്കലും അടിസ്ഥാനപരമായി ഒരു മന്ദഗതിയിലുള്ള

പ്രക്രിയയാണ് (slow pace process).അത് പൂർണ്ണരൂപത്തിൽ എത്തുന്നതുവരെ കാത്തിരിക്കുക എന്നത് പ്രായോഗികമല്ല. അതുകൊണ്ടുതന്നെ പദാവലിയുടെ സ്വാഭാവികമായ പരിണാമത്തിന് കാത്തിരിക്കാതെ, സമൂഹശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ പദാവലി രൂപപ്പെടുത്തുന്നതിനും അത് ബോധനക്രമ ത്തിന്റെ ഭാഗമാക്കുന്നതിനും ഉള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

ശബ്ദാവലി(glossary)കളും, സാങ്കേതികപദനിഘണ്ടുക്കളെ അടിസ്ഥാനമാക്കിയുള്ള പദങ്ങളുടെ മാനകീകരണവും (standardisation) അനിവാര്യമാണ്. സമൂഹശാസ്ത്രപദാവലി തയ്യാറാക്കുന്നതിനും ഏകീകരിക്കുന്നതിനും പ്രാദേശികഭാഷാവിദഗ്ധരുടെ സഹായത്തോടെ മലയാളത്തിലും ഇംഗ്ലീഷിലും പരിജ്ഞാനമുള്ള ഒരു കൂട്ടം സാമൂഹശാസ്ത്രജ്ഞർ നിരന്തരം കൂടിയാലോചനകൾ നടത്തേണ്ടതായിട്ടുണ്ട്. പല ഘട്ടങ്ങളായി വേണം സമൂഹശാസ്ത്രപദാവലി മലയാളത്തിൽ രൂപപ്പെടുത്തിയെടുക്കാൻ. കേരളത്തിലെ വിവിധ സർവകലാശാലകളിലും ഗവേഷണസ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന സോഷ്യോളജി പഠനവകുപ്പുകളിൽ ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങൾ, വിഷയങ്ങൾ പഠിപ്പിക്കുന്ന ബന്ധപ്പെട്ട അധ്യാപകരിൽ നിന്ന് ശേഖരിക്കേണ്ടതുണ്ട്. അവരുടെ ബോധനപദ്ധതി(pedagogy)യുടെ ഭാഗമായി പഠനവകുപ്പുകളിൽ ഉപയോഗിക്കുന്ന പാഠ്യപദ്ധതി അടിസ്ഥാനമാക്കി സാങ്കേതികപദങ്ങളും അവയുടെ പ്രാദേശികഭാഷയിലുള്ള സമാനപദങ്ങളും കണ്ടെത്തി പ്രാഥമികഘട്ടത്തിൽ ഒരു കരടുരൂപം ബന്ധപ്പെട്ട പഠനവകുപ്പുകളിൽ തന്നെ തയ്യാറാക്കണം. തുടർന്ന് ഈ കരടുരൂപം പഠനവകുപ്പിന്റെ പ്രതിനിധി കൂടി ഉൾപ്പെടുന്ന വിദഗ്ദ്ധസമിതിയ്ക്ക് മുമ്പാകെ അവലോകനത്തിനായി സമർപ്പിക്കണം. കൃത്യമായ അർത്ഥം പ്രതിഫലിപ്പിക്കാത്ത മൊഴിമാറ്റപദങ്ങൾക്ക് പകരം മാനകപദങ്ങൾ (standard words)കണ്ടെത്തിക്കൊണ്ടും ആവശ്യമായ തിരുത്തലുകൾ വരുത്തിക്കൊണ്ടും പദസഞ്ചയത്തെ കുറ്റമറ്റതാക്കാൻ ഈ വിദഗ്ധസമിതിയ്ക്ക് കഴിയണം. അനുഭവസമ്പന്നരായ സമൂഹശാസ്ത്രകാരന്മാരുടെയും ഭാഷാവിദഗ്ദരുടെയും കൂട്ടായപ്രവർത്തനങ്ങളിലൂടെ മാത്രമേ സമൂഹശാസ്ത്രപദാവലികളെ ക്രമപ്പെടുത്തുവാനും ഉറപ്പിച്ചെടുക്കുവാനും കഴിയൂ.

മാതൃഭാഷയിലുള്ള സമൂഹശാസ്ത്രപഠനത്തിന്റെ സാക്ഷാത്ക്കാരത്തിന് വൈജ്ഞാനികമായ അടിത്തറ പാകാൻ മറ്റു ചില കൂട്ടിച്ചേർക്കലുകൾ കൂടി നടത്തേണ്ടിവരും. സമൂഹശാസ്ത്രം പോലുള്ള വിഷയങ്ങളിൽ സാർവലൗകികതലങ്ങളിൽ ചർച്ചചെയ്യപ്പെട്ട സൈദ്ധാന്തികസമീപനങ്ങളെയും ആശയങ്ങളെയും അവലംബമാക്കിയാണല്ലോ മാതൃഭാഷയിൽ പഠനവിഭവങ്ങൾ തയ്യാറാക്കേണ്ടിവരിക. ഇതരഭാഷകളിലുള്ള ആശയങ്ങൾ മലയാളത്തിൽ അവതരിപ്പിക്കുമ്പോൾ പേരുകളുടെയും സാങ്കേതികപദങ്ങളുടെയും കാര്യത്തിൽ ആശയക്കുഴപ്പം ഉണ്ടാകാറുണ്ട്. ഫലപ്രദമായ മാനകീകരണമാണ് ഇത് പരിഹരിക്കാനുള്ള വഴി. അതുകൊണ്ട് പുസ്തകങ്ങളിലും ഗവേഷണപത്രികകളിലും അനുവാചകരുടെയും ഗവേഷകരുടെയും സൗകര്യാർത്ഥം നാമസൂചികയും സാങ്കേതികപദസൂചിയും അനുബന്ധമായി നല്കേ

ണ്ടത് അത്യാവശ്യമാണ്. തയ്യാറാക്കുന്ന പ്രബന്ധങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള പ്രധാന സൈദ്ധാന്തികരുടെ പേരുകളും ഇംഗ്ലീഷ് പരിഭാഷ ആവശ്യമായ സാങ്കേതികപദങ്ങളും യഥാക്രമം നാമസൂചിയിലും സാങ്കേതിക പദസൂചിയിലും ഉൾപ്പെടുത്തേണ്ടതാണ്. തുടർഗവേഷകർക്ക് ഈ സൂചികകൾ ഒരു മാതൃകയാണ്. മാത്രമല്ല സമൂഹശാസ്ത്രപഠനത്തിനുവേണ്ടിയുള്ള സാങ്കേതികപദങ്ങൾ മാതൃഭാഷയിലുള്ള പദസൂചികൾ മാനകീകരണത്തെ സംബന്ധിച്ച ഗൗരവമുള്ള ചിന്തകൾക്ക് വഴിയൊരുക്കും.

റഫറൻസ് കൃതികളുടെ രചനയും പരിഭാഷയുമാണ് ഊന്നൽ നൽകേണ്ട മറ്റൊരു മേഖല. സമൂഹശാസ്ത്രപഠനമേഖലയിൽ മലയാളത്തിലുള്ള റഫറൻസ് കൃതികൾ പരിമിതമാണ്. മലയാളസർവകലാശാലയിൽ മാതൃഭാഷ ബോധനമാധ്യമമായി സ്വീകരിച്ചിട്ടുണ്ടെങ്കിലും, സമൂഹശാസ്ത്ര പഠനവിഷയങ്ങൾക്കുള്ള മിക്കവാറും എല്ലാ റഫറൻസ്കൃതികളും ഇംഗ്ലീഷ് ഭാഷയിലാണ് നിലവിൽ ലഭ്യമാകുന്നത്. ഈ മേഖലയിൽ മലയാളത്തിൽ ചില പുസ്തകങ്ങൾ ലഭ്യമാണെങ്കിലും, ഇവയിൽ വളരെ കുറച്ചുമാത്രമേ ഗുണനിലവാരമാനദണ്ഡങ്ങൾ പാലിച്ച് തയ്യാറാക്കിയവയായി അനുഭവപ്പെട്ടിട്ടുള്ളൂ. മേൽപ്പറഞ്ഞവയിൽ ഭൂരിഭാഗവും ഉപരിപഠനത്തിനുള്ള റഫറൻസ് കൃതികളുടെ ഗണത്തിൽ ശുപാർശചെയ്യാൻ കഴിയാത്തവയാണ്. പ്രാദേശികഭാഷയിലൂടെ സമൂഹശാസ്ത്രം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആ ഭാഷയിൽ തയ്യാറാക്കിയ റഫറൻസ്ഗ്രന്ഥങ്ങളുടെ അഭാവം വലിയ പരിമിതിയായി തുടരുന്നു. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വ്യക്തമായി കാര്യങ്ങൾ ഗ്രഹിക്കാനും സംവദിക്കാനും സഹായിക്കുന്ന മാധ്യമം അവരുടെ മാതൃഭാഷയാണ്. ഒരു പ്രദേശത്തെ സംബന്ധിച്ച അനുഭവങ്ങളും അറിവുകളും കൂടിക്കലർന്നാണ് ഒരു ഭാഷ രൂപപ്പെടുന്നതും വികസിക്കുന്നതും. ഏതുഗഹനമായ വിഷയവും മാതൃഭാഷയിൽ പഠിക്കുമ്പോൾ മാത്രമേ തന്റെ അനുഭവങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് വ്യക്തമായി ഒരാൾക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അന്യഭാഷയിലൂടെ പഠിക്കുമ്പോഴുണ്ടാകുന്ന യാന്ത്രികത മാതൃഭാഷയിലുള്ള പഠനത്തിൽ സംഭവിക്കുന്നില്ല. അതിനാൽ മാതൃഭാഷയിൽ പഠനാവശ്യത്തിനുള്ള അനുബന്ധമായ വായനാസാമഗ്രികൾ ലഭ്യമല്ലാതാകുമ്പോൾ വിദ്യാർത്ഥിക്ക് തന്റെ അറിവിന്റെ ദൃഢതയും വ്യാപ്തിയും വർദ്ധിപ്പിക്കാനുള്ള അവസരം നഷ്ടപ്പെടുകയും തങ്ങളുടെ അനുഭവപശ്ചാത്തലത്തിന് പുറത്തുള്ള മറ്റൊരു ഭാഷയിൽ ഈ വിഷയങ്ങൾ സ്വായത്തമാക്കുമ്പോൾ മൗലികമായ ജ്ഞാനോൽപ്പാദനത്തിനുള്ള സാധ്യതകൾ കുറയുകയും ചെയ്യുന്നു. മാതൃഭാഷയിലുള്ള നല്ല ഗ്രന്ഥങ്ങൾ വിദ്യാർത്ഥിക്ക് മാത്രമല്ല, അധ്യാപകർക്കും അവരുടെ ഗവേഷണത്തോടും അധ്യാപനത്തോടുമുള്ള കാഴ്ചപ്പാട് വിശാലമാക്കുന്നതിനും അത്യന്താപേക്ഷിതമാണ്.

മാതൃഭാഷയിലുള്ള സമൂഹശാസ്ത്രപഠനങ്ങളുടെ വർദ്ധനവിനുവേണ്ടി അക്കാദമികരംഗങ്ങളിൽ യാതൊരു ഇടപെടലുകളും ഉണ്ടാകുന്നില്ലെന്ന് ഒരു വസ്തുതയാണ്. സമൂഹശാസ്ത്രം പോലുള്ള വൈജ്ഞാനിക മേഖലകളിൽ മാതൃഭാഷയിൽ അക്കാദമികരചനകൾ നടത്താനുള്ള പരിശീലനം വേണ്ടത്ര ഇല്ലാത്തതാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. ഇംഗ്ലീഷിൽ

ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കിയ മലയാളികളായ പല സമൂഹശാസ്ത്രജ്ഞർക്കും അവരുടെ പഠന-ഗവേഷണ-അധ്യാപനകാല ഘട്ടത്തിൽ മലയാളഭാഷയെ അക്കാദമികപരിശീലനത്തിന്റെ മാധ്യമമായി ഉപയോഗിക്കാൻ അവസരം ലഭിച്ചിട്ടില്ല. അക്കാദമികവ്യവഹാരങ്ങൾ പൂർണ്ണമായും ഇംഗ്ലീഷിൽ ചെയ്തുശീലിച്ചവർക്ക് മലയാളഭാഷ രചനാ-ബോധന മാധ്യമമായി ഉപയോഗിക്കുന്നതിൽ ബുദ്ധിമുട്ട് സംഭവിക്കുന്നത് സ്വാഭാവികമാണല്ലോ.

ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തുന്നതിന് പദസമ്പത്തിന്റെ കുറവ് വലിയരീതിയിൽ അനുഭവപ്പെടുന്നുണ്ട്. മലയാളമുൾപ്പെടെയുള്ള പ്രാദേശികഭാഷകളിൽ സമൂഹശാസ്ത്രം എഴുതുന്നതിന്റെ മറ്റൊരു പ്രശ്നം, ഇംഗ്ലീഷിനു പകരം പ്രാദേശികഭാഷയിലെ പദം ഉപയോഗിക്കുമ്പോൾ അത് അർത്ഥവത്തായ പരിഭാഷയാകുന്നില്ല എന്നതാണ്. അതായത്, ഒരു വാക്കിന്റെ അർത്ഥം പരിഭാഷപ്പെടുത്തുന്നതിലല്ല മറിച്ച് ആ വാക്ക് നിശ്ചിത സാഹചര്യത്തിൽ ഉപയോഗിക്കുമ്പോൾ ഉചിതമായ ആശയം പ്രതിഫലിപ്പിക്കപ്പെടുന്നില്ല എന്ന പ്രശ്നമാണ് ഇവിടെ സൂചിപ്പിക്കുന്നത്. വിവർത്തനപ്രക്രിയ ഫലപ്രദമാകണമെങ്കിൽ സമൂഹശാസ്ത്രത്തിലും മാതൃഭാഷയിലും അവഗാഹവുമുള്ള അനുഭവസമ്പന്നരായ സമൂഹശാസ്ത്രജ്ഞരുടെ സഹായം ആവശ്യമാണ്. സമൂഹശാസ്ത്രകൃതികളുടെ വിവർത്തനത്തിന് ആവശ്യമായ ഗുണങ്ങളിൽ ഒന്നായി ഈ വിഷയത്തെക്കുറിച്ചുള്ള സമഗ്രമായ അറിവ് പല വിദഗ്ധരും കണക്കാക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മാതൃഭാഷയിൽ എഴുതുക അവരവർ കൈകാര്യം ചെയ്യുന്ന വൈജ്ഞാനിക മേഖലകളിൽ ആഴത്തിൽ അറിവുള്ളവരുടെ കടമയാണ്. അവരുടെ ഭാഷയോടും ജനങ്ങളോടും അവരെടുക്കുന്ന തൊഴിലിനോടും നിർവഹിക്കാവുന്ന വലിയൊരു ഉത്തരവാദിത്തമാണത്. മുതിർന്ന തലമുറയിലെയും ഇളംതലമുറയിലെയും, ചിന്തയിലും ആശയത്തിലും എഴുത്തിലും നിറവുള്ളവരുടെ കൂട്ടായശ്രമം ആവശ്യമാണ്. സമൂഹശാസ്ത്രവിജ്ഞാനമേഖലയിൽ തിളങ്ങുന്നവർ അന്യഭാഷക്കാരാണെങ്കിലും അവരുമായുള്ള അടുപ്പം പരിഭാഷാ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടും. നമ്മുടെ എഴുത്തിന് തണലാകാൻ അവർക്ക് കഴിയുകയില്ലെങ്കിലും ആശയങ്ങളുടെ സ്രോതസ്സാണവർ. സമൂഹശാസ്ത്രപഠനം ബിരുദാനന്തരബിരുദതലത്തിലേക്കൊതുക്കുന്നതിനുള്ള ശ്രമമാണ് നമ്മുടെ നാട്ടിലെ സർവകലാശാലകൾ പൊതുവേ കൈക്കൊള്ളുന്നത്. മറ്റു മാനവികവിഷയങ്ങളെപ്പോലെ ഹയർസെക്കന്ററി, ബിരുദം എന്നീ തലങ്ങളിലൂടെ ശക്തമായി വളർന്നുവന്നാലേ സമൂഹശാസ്ത്രത്തിലെ പദ-ആശയസമ്പത്ത് വിപുലീകരിക്കപ്പെടുകയുള്ളൂ. ഇത് നമ്മുടെ ഭാഷയിലേക്കുള്ള വിവർത്തനക്ഷമത വർദ്ധിപ്പിക്കും.

കേരളത്തിലെ സാമൂഹശാസ്ത്രപഠനത്തിന്റെ ഒരു പ്രശ്നം അതിന് വ്യക്തമായ ദിശാബോധമില്ല എന്നതാണ്. സാമൂഹശാസ്ത്രവുമായി ബന്ധപ്പെട്ട സകലകാര്യങ്ങളും ബിരുദാനന്തരബിരുദതലത്തിൽ തന്നെ പഠിപ്പിക്കാനുള്ള അമിതാഭിലാഷത്തെ യാഥാർത്ഥ്യബോധമില്ലാത്തതും അനാവശ്യവുമായി മാത്രമേ വിലയിരുത്താൻ നിർവാഹമുള്ളൂ. കേരളത്തിലെ വിവിധ സർവകലാശാലകളിലെ സോഷ്യോളജിയുടെ പാഠ്യക്രമം സൂക്ഷ്മമായി പരിശോധിച്ചാൽ

അവയുടെ ഉള്ളടക്കം ഒരുപോലെയല്ല എന്ന് കാണാൻ സാധിക്കും. മിക്ക സർവകലാശാലകളിലെയും കോഴ്സുകൾ വളരെ ലളിതമായാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ചില കോഴ്സുകൾ സാമൂഹ്യശാസ്ത്രപഠനമേഖലയിലെ (social sciences) സാമൂഹികപ്രവർത്തനരീതികൾക്ക് (modes and methods of social work)മാത്രം പ്രാധാന്യം നല്കിയാണ് തയ്യാറാക്കിയതെന്ന് കാണാം.

ഫീൽഡധിഷ്ഠിത ദത്തശേഖരണവും പ്രബന്ധരചനയും ഭൂരിഭാഗം സർവകലാശാലകളിലും പാഠ്യപദ്ധതികളുടെ ഭാഗമാണ്. സർവകലാശാലകളിൽ പ്രബന്ധരചനയുടെ (dissertation) ഭാഗമായി പരിഭാഷാപ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കാനുള്ള നടപടികളും സ്വാഗതാർഹമാണ്. പക്ഷേ ഇതെല്ലാം നടപ്പിൽവരണമെങ്കിൽ നിലവിലെ സമ്പ്രദായങ്ങളുടെ പോരായ്മകൾ തിരിച്ചറിയേണ്ടതുണ്ട്. അതോടൊപ്പം തന്നെ സൈദ്ധാന്തികമായ അറിവിനും പ്രാധാന്യം ലഭിക്കേണ്ടതുണ്ട്. ഫീൽഡധിഷ്ഠിത ദത്തശേഖരണവും നിർബന്ധിതപ്രബന്ധരചനയും സൈദ്ധാന്തികമായപരിശീലനവും കൂട്ടിയിണക്കിക്കൊണ്ട് ബിരുദാനന്തരബിരുദതലത്തിൽത്തന്നെ മൗലികമായ ഗവേഷണങ്ങളെയും രചനകളെയും പ്രോത്സാഹിപ്പിക്കാൻ കഴിയണം. സിദ്ധാന്തങ്ങളിലുള്ള അവഗാഹം ഫീൽഡധിഷ്ഠിത പഠന-ഗവേഷണപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നു. എങ്കിൽമാത്രമേ വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും വായനയുടെ അടിത്തറ വിപുലീകരിക്കപ്പെടുകയും വായനാവിഭവങ്ങളുടെ ആവശ്യകത സംബന്ധിച്ച സംവാദങ്ങൾ സജീവമാകുകയും ചെയ്യുകയുള്ളൂ. സർവകലാശാലകളിലും മറ്റ് ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും നയരൂപീകരണം നിർവഹിക്കുന്ന മുതിർന്ന സമൂഹശാസ്ത്രജ്ഞർക്ക് പ്രാദേശികഭാഷകളിലെ രചനകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയങ്ങൾ രൂപപ്പെടുത്തുന്നതിൽ നിർണായക ഇടപെടലുകൾ നടത്താൻ കഴിയും. മികച്ച റഫറൻസ് പുസ്തകങ്ങൾ തയ്യാറാക്കി അവ പഠിതാക്കൾക്കും ഗവേഷകർക്കും ലഭ്യമാക്കിയാൽ മാത്രമേ വൈജ്ഞാനികഭാഷ വളരുകയുള്ളൂ. നേരത്തെ സൂചിപ്പിച്ചതുപോലെ ഇത്തരം ശ്രമങ്ങൾക്ക് പ്രോത്സാഹനങ്ങളും അംഗീകാരങ്ങളും നൽകുന്നത് വൈജ്ഞാനികമേഖലയുടെ വളർച്ചയെ വളരെയധികം സഹായിക്കും.

മലയാളത്തിലുള്ള സമൂഹശാസ്ത്രരചനകളോടുള്ള നിസ്സംഗതയ്ക്ക് ഒരു പരിധിവരെ കാരണം ഇംഗ്ലീഷ് ഭാഷയോടുള്ള നമ്മുടെ വിധേയത്വമാണ്. ഇംഗ്ലീഷിൽ എഴുതുന്നത് പൊതുവെ ഇന്ത്യൻ ബുദ്ധിജീവികൾ കൂടുതൽ അന്തസ്സുള്ള ഒന്നായി കണക്കാക്കുന്നു. ബ്രിട്ടന്റെ പഴയ കോളനി എന്ന നിലയിൽ നമ്മുടെ നാട്ടിൽ അധികാരഭാഷയായി ഇപ്പോഴും തുടരുന്ന ഇംഗ്ലീഷിനോടുള്ള ആരാധനയും വിധേയത്വവുമാണ് ആ മനോഭാവത്തിന് ഒരു കാരണം. ഇന്ത്യയിലെ ഏതെങ്കിലുമൊരു പ്രാദേശികഭാഷയിൽ എഴുതുന്നത് അത്തരമൊരു അഭിമാനബോധം നൽകുന്നില്ല. ഇംഗ്ലീഷിൽ എഴുതാനുള്ള ആഗ്രഹം മുൻപ് സൂചിപ്പിച്ച അന്തസ്സിന്റെ ഘടകവുമായി അടുത്ത് ബന്ധപ്പെട്ടിട്ടുണ്ടെന്ന് കാണാം. ഒരു നൂറ്റാണ്ടോളം നമ്മെ ഭരിച്ചിരുന്ന ഒരു ജനതയുടെ ഭാഷയാണ് ഇംഗ്ലീഷ്. ശാസ്ത്ര-സാംസ്കാരികരംഗങ്ങളിൽ വലിയ നേട്ടങ്ങൾ കൈവരിച്ച ജനതയുടെ ഭാഷയാണത്. അതിനാൽ, ഈ ഭാഷയോടും അതു സംസാരിക്കുന്നവരോടും പ്രത്യേകിച്ച് ഇന്ത്യൻ ബൗദ്ധികമനസ്സിൽ ബഹു

മാനവും വിധേയത്വവും ഉളവാക്കിയിട്ടുണ്ട്. സാമൂഹ്യജീവിതത്തിൽ വരേണ്യർക്ക് പ്രത്യേകം പരിഗണന കിട്ടിപ്പോരുന്ന ഇന്ത്യൻ സമൂഹത്തിൽ, ഇംഗ്ലീഷ് അറിയാവുന്ന ആളുകൾക്ക് ലഭിച്ചുപോരുന്ന പോരുന്ന പദവി ഈ സാഹചര്യം സൃഷ്ടിക്കുന്നതിൽ നിർണായകപങ്കുവഹിക്കുന്നു.

ഇംഗ്ലീഷ് ഭാഷയുമായി താരതമ്യം ചെയ്യുമ്പോൾ മലയാളം പോലുള്ള പ്രാദേശികഭാഷകളുടെ സ്ഥാനം പിന്നിലാണ്. കാരണം നിലവിലെ സാഹചര്യത്തിൽ ആശയനിറവിലും സംവേദനക്ഷമതയിലും ആംഗലേയഭാഷ പ്രാദേശിക ഭാഷയേക്കാൾ വളരെ മികച്ചതാണ്. എറ്റവും വികസിച്ച, കൂടുതൽ സാധ്യതകളാൽ സമ്പന്നമായ വൈജ്ഞാനികആശയവിനിമയത്തിന് എളുപ്പത്തിൽ വഴങ്ങുന്ന ഒന്നാണ് ഇംഗ്ലീഷ് ഭാഷ. ഇങ്ങനെ നിരീക്ഷിക്കുമ്പോൾ മാതൃഭാഷയോടും ഇംഗ്ലീഷ് എന്ന ലോകഭാഷയോടുമുള്ള ആളുകളുടെ മനോഭാവത്തെ സ്വാധീനിക്കുന്ന ഇത്തരം ഘടകങ്ങളിൽ ചിലത് സ്വാഭാവികമായും മറ്റുചിലത് അവധാനപൂർവ്വവും രൂപപ്പെട്ടതാണ് എന്നുവേണം അനുമാനിക്കാൻ. ഇത്തരം ഘടകങ്ങളുടെ സ്വാധീനത്താലാകണം അക്കാദമികരംഗത്തുള്ളവർ പൊതുവെ ഇംഗ്ലീഷിൽ എഴുതാനാനിഷ്ടപ്പെടുന്നത്. ചരിത്രപരവും സമൂഹമനഃശാസ്ത്രപരവുമായ വസ്തുതകളെ പരാമർശിച്ച് മാത്രമേ ഭാഷാപക്ഷപാതം എന്ന സങ്കീർണ്ണമായ ഈ പ്രതിഭാസത്തെ മനസ്സിലാക്കാൻ സാധിക്കൂ.

അക്കാദമികമേഖലയിൽ പ്രവർത്തിക്കുന്ന ബുദ്ധിജീവികൾ ഇന്നും കൂടുതൽ മൂല്യം കൽപ്പിക്കുന്നത് പാശ്ചാത്യരാജ്യങ്ങളിലെ സർവകലാശാലകൾ നല്കുന്ന ബിരുദങ്ങൾക്കും അംഗീകാരങ്ങൾക്കും മറ്റുമാണ്. ഇത് കേവലം ഇംഗ്ലീഷ്ഭാഷയുടെ മികവായി കാണുന്ന പ്രവണത നമുക്കിടയിലുണ്ട്. യഥാർത്ഥത്തിൽ നമ്മൾ സൂക്ഷ്മമായി വിലയിരുത്തേണ്ടതും അനുകരിക്കേണ്ടതും അവർ കൈക്കൊള്ളുന്ന രീതികളും ഗുണമേന്മാമാനദണ്ഡങ്ങളുമാണ്. ഭാഷയല്ല, വിജ്ഞാനനിർമ്മിതിയുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകളാണ് മെച്ചപ്പെട്ടതാക്കേണ്ടത്. അതുകൊണ്ടുതന്നെ ഇംഗ്ലീഷ്ഭാഷയോടുള്ള ആരാധന ഒരിക്കലും മാതൃഭാഷയിലുള്ള രചനയ്ക്ക് തടസ്സമാകരുത്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ ഭാഗികമായെങ്കിലും ആ മനോഭാവം നമ്മിൽ അവശേഷിക്കുന്ന കൊളോണിയൽവിധേയത്വത്തിന്റെ ലക്ഷണമായി കരുതേണ്ടിവരും. അത് ബോധപൂർവം നീക്കം ചെയ്യേണ്ടതുണ്ട്. ഇംഗ്ലീഷിലുള്ള പഠനവും ഗവേഷണവും നല്കുന്ന അവസരങ്ങൾ മാതൃഭാഷയിലുള്ള വിജ്ഞാനനിർമ്മിതിക്ക് തടസ്സമാകേണ്ടതില്ല. പ്രാദേശികഭാഷകളെയും അവിടങ്ങളിലെ സർവകലാശാലകളിൽ നടക്കുന്ന പഠന, ഗവേഷണ പ്രവർത്തനങ്ങളെയും ഇകഴ്ത്തി കാണിക്കുന്നതിലേക്ക് ഈ ഭാഷാപക്ഷപാതം കാരണമാകരുത്. പ്രയോഗമാണ് ഒരു ഭാഷയെ വിപുലീകരിക്കുന്നത്. നിരന്തരമായ പഠന, ഗവേഷണപ്രവർത്തനങ്ങളിലൂടെ പ്രാദേശികഭാഷകൾക്ക് വൈജ്ഞാനികഭാഷ എന്ന സ്വത്വം രൂപപ്പെടുത്തിയെടുക്കാൻ സാധിക്കുമെന്ന് തീർച്ചയാണ്.

പ്രാദേശികഭാഷകളിൽ സമൂഹശാസ്ത്രരചനകൾ എണ്ണത്തിൽ കുറവാകാനുള്ള മറ്റൊരു കാരണം അതു തയ്യാറാക്കാനും പ്രസിദ്ധീകരിക്കാനുമുള്ള സാമ്പത്തികവിഭവങ്ങളുടെ ലഭ്യതക്കുറവാണ്. മികച്ച അക്കാദമിക

പുസ്തകങ്ങളുടെ രചനയ്ക്കും പ്രസിദ്ധീകരണത്തിനുമാവശ്യമായ വിഭവങ്ങൾ നമ്മുടെ നാട്ടിൽ പരിമിതമാണ്. ഇത്തരം പ്രസിദ്ധീകരണങ്ങളുടെ വായന, ബന്ധപ്പെട്ട വൈജ്ഞാനികമേഖലയിലെ അക്കാദമികസമൂഹത്തിൽ മാത്രം ഒതുങ്ങിപ്പോകുന്നു. അതുകൊണ്ടുതന്നെ ചെറിയ വിപണനസാധ്യതകളുള്ള അക്കാദമികരചനകൾ പ്രസിദ്ധീകരണത്തിനായി ഏറ്റെടുക്കാൻ തയ്യാറാവുന്ന പ്രസാധകരും കുറവായിരിക്കും. കമ്പോളയുക്തി അനുസരിച്ച് 'ലാഭകരമല്ലാത്ത' എന്നാൽ സാമൂഹികവും അക്കാദമികവുമായ മൂല്യം ഏറെയുള്ള ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കാൻ സർക്കാർ തലത്തിൽ മാത്രമേ കഴിയുകയുള്ളൂ. സർക്കാർസ്ഥാപനങ്ങളിലൂടെയും സർവകലാശാലകളിലൂടെയും ഗവേഷണസ്ഥാപനങ്ങളിലൂടെയുമാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.

ആര് എങ്ങനെ പ്രസിദ്ധീകരിക്കുന്നു എന്നതുപോലെത്തന്നെ പ്രധാനമാണ് എന്തു പ്രസിദ്ധീകരിക്കുന്നു എന്നതും. സമൂഹശാസ്ത്രവുമായി ബന്ധപ്പെട്ട വൈജ്ഞാനികലോകത്തിന്റെ മലയാളത്തിലുള്ള അടിത്തറ വിപുലമാക്കണമെങ്കിൽ ആദ്യം ചെയ്യേണ്ടത് സമൂഹശാസ്ത്രപഠനത്തെ സംബന്ധിച്ച് കൃത്യമായ നിലപാടുകളുള്ള, സമൂഹപഠനമേഖലയിലെ എഴുതപ്പെട്ട മികച്ച ഗ്രന്ഥങ്ങളെല്ലാംതന്നെ അവയിൽ അടങ്ങിയ ആശയങ്ങൾ ഒട്ടും ചോർന്നുപോകാതെ പഠിതാക്കളിലേക്കെത്തിക്കുന്ന വിവർത്തനങ്ങൾ മലയാളഭാഷയിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയാണ്. അതായത് പരിഭാഷപ്പെടുത്തേണ്ടത് സമൂഹപഠനമേഖലയിലെ വിവിധഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള മൗലികരചനകളാണ്. വിവർത്തനവുമായി ബന്ധപ്പെട്ട ഇത്തരം തിരഞ്ഞെടുപ്പുകൾ കൃത്യമായിരിക്കണം. എഴുത്തുകാരുടെ തിരഞ്ഞെടുപ്പ്, വിവർത്തനം ചെയ്യേണ്ട കൃതിയുടെ തിരഞ്ഞെടുപ്പ്, വിവർത്തനത്തിൽ ഉപയോഗിക്കേണ്ട ഭാഷയുടെ സ്വഭാവം തുടങ്ങിയ പല വിഷയങ്ങളും ഈ അവസരത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. പരിഭാഷപോലെതന്നെ പ്രധാനമാണ് മലയാളത്തിൽ ഈ മേഖലയിലുള്ള മൗലികജ്ഞാനത്തിന്റെ നിർമ്മിതിയും. പദാവലിയുടെയും പാഠപുസ്തകങ്ങളുടെയും റഫറൻസ് കൃതികളുടെയും പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് നമ്മുടെ കടമയാണ്. മുകളിൽ സൂചിപ്പിച്ച ചില ബുദ്ധിമുട്ടുകൾ കൂട്ടായ പരിശ്രമത്തിലൂടെ തീർച്ചയായും മറികടക്കാൻ കഴിയും. ഉദാഹരണത്തിന്, വിവിധ സാമൂഹികവിഷയങ്ങളെക്കുറിച്ചുള്ള പരിചായകഗ്രന്ഥങ്ങൾ (introductory texts) പ്രസിദ്ധീകരിച്ച് മലയാളഭാഷയിൽ റഫറൻസ് വിഭവങ്ങളുടെ കുറവ് നികത്താൻ കഴിയും.

ഉന്നതവിദ്യാഭ്യാസ-ഗവേഷണസ്ഥാപനങ്ങളിലൂടെയാണ് അക്കാദമികമേഖലയ്ക്ക് ആവശ്യമായ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടത് എന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. സർവകലാശാലകൾ ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമങ്ങൾ സംഘടിപ്പിക്കുന്നില്ലെങ്കിൽ, പ്രാദേശിക ഭാഷകളിലെ അക്കാദമികപുസ്തകങ്ങളുടെ നിർമ്മാണം ഗുണനിലവാരത്തിലും എണ്ണത്തിലും മോശമായിതുടരും. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സംഘടിത ശ്രമങ്ങൾ അത്യന്താപേക്ഷിതമാണ്. നിർഭാഗ്യവശാൽ, സർവകലാശാല

കളുടെയും മറ്റു ഗവേഷണസ്ഥാപങ്ങളുടെയും ഭാഗത്തുനിന്നുള്ള സംഘടിത ശ്രമങ്ങളുടെ അഭാവം ഇവിടെയുണ്ട്. ഈ അഭാവം പ്രാദേശികഭാഷയിൽ എഴുതാനുള്ള സമൂഹശാസ്ത്രജ്ഞരുടെ നിസ്സംഗതയാണ്.

## പുസ്തകസൂചി, അർത്ഥവിജ്ഞാനം, മൂല്യനിർണ്ണയപദശേഖരം

മാതൃഭാഷയിലുള്ള സമൂഹശാസ്ത്രപഠനത്തിന് ആവശ്യമായ വിഭവങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും വിവർത്തനപദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും ചില കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഏതു വിഷയത്തെക്കുറിച്ചുമുള്ള ഗൗരവപൂർണമായ പഠനത്തിനും അവശ്യം വേണ്ട ഉപാധികളിൽ ഒന്ന് ആ വിഷയത്തിൽ അന്നോളം എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങളെക്കുറിച്ചുള്ള അറിവാണ്. അതിന്റെ പ്രഥമശേഖരം പുസ്തകസൂചിയാണ്. സമൂഹശാസ്ത്രപഠനമേഖലയിലെ ഓരോ ശാഖയിലും പ്രസിദ്ധീകൃതമായ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും വിശദമായ സൂചിക തയ്യാറാക്കേണ്ടതായിട്ടുണ്ട്. ആദ്യഘട്ടത്തിൽ ലഭ്യമായ അത്രയും പുസ്തക വിവരങ്ങൾ പുസ്തകസൂചികളിൽ ഉൾക്കൊള്ളിക്കണം. പ്രാഥമിക, ദ്വിതീയ രചനകളും മൗലികരചനകളും വ്യാഖ്യാനങ്ങളും നിരൂപണങ്ങളും പ്രശസ്ത പ്രസാധകരുടെ പുസ്തകങ്ങളും ഇതിൽ ഉൾപ്പെടുത്തണം. ഈ പുസ്തകസൂചി മെച്ചപ്പെടുത്തുന്നതിനായി അനുഭവസമ്പന്നരായ വിഷയ വിദഗ്ധരുടെ സേവനം രണ്ടാംഘട്ടത്തിലാണ് അനിവാര്യമായി വരിക. ഇതിൽ ചേർക്കാൻ കഴിയാതെപോയ പുസ്തകങ്ങളുടെ വിവരങ്ങൾ നല്കാനും ചേർത്തിട്ടുള്ളവയിൽ സംഭവിച്ച പിഴവുകൾ ചൂണ്ടിക്കാണിക്കുന്നതിനും ഇവർക്ക് കഴിയും. ഇങ്ങനെ സമൂഹശാസ്ത്രത്തിന്റെ വിവിധ മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ട് പുസ്തകസൂചികൾ തയ്യാറാക്കിയാൽ പഠനവിഭവങ്ങളെ സംബന്ധിച്ച കൃത്യമായ ദിശാബോധം രൂപപ്പെടുത്തിയെടുക്കാൻ സാധിക്കും. മാത്രമല്ല മലയാളത്തിൽ ഈ വൈജ്ഞാനികമേഖലയിലുള്ള കുറവ് എളുപ്പത്തിൽ തിരിച്ചറിയാനും വിവർത്തനങ്ങൾക്കും മറ്റുമുള്ള കൃതികളുടെ തിരഞ്ഞെടുപ്പ് കൃത്യമാക്കാനും ഇതിലൂടെ കഴിയും. കേരളം പശ്ചാത്തലമാക്കി സമർപ്പിക്കപ്പെട്ടിട്ടുള്ള (കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ മറ്റ് സർവകലാശാലകളിലും വിദേശസർവകലാശാലകളിലും സമർപ്പിക്കപ്പെട്ടിട്ടുള്ള) മികച്ച സമൂഹശാസ്ത്ര ഗവേഷണപ്രബന്ധങ്ങളുടെയും സൂചികകൾ ഇത്തരത്തിൽ തയ്യാറാക്കേണ്ടതുണ്ട്.

പുസ്തകസൂചികൾ പോലെത്തന്നെ പ്രധാനമാണ് പദസൂചികളും. പദാവലികളും റഫറൻസ് വിഭവങ്ങളും തയ്യാറാക്കുമ്പോൾ അവയിലുൾപ്പെടുത്തുന്ന പദങ്ങളുടെ അർത്ഥം പ്രാദേശികഭാഷയിലുള്ള അർത്ഥവുമായി പൊരുത്തപ്പെടുന്നവയായിരിക്കണം. ഓരോ ഭാഷയ്ക്കും അതിന്റേതായ പ്രത്യേകതകളും അതുല്യമായ ഗുണങ്ങളുമുണ്ട്. ചില പദങ്ങളും പ്രയോഗങ്ങളും പ്രത്യേക പ്രദേശത്ത് വളരെ പരിചിതമായിരിക്കും. അവയെ മറ്റൊരു കൂട്ടം അന്യപദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ച് മാറ്റിസ്ഥാപിക്കാൻ കഴിയില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇംഗ്ലീഷ് അല്ലെങ്കിൽ ഹിന്ദി വാക്കുകളും

പ്രയോഗങ്ങളും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ ആ ഭാഷ നിലകൊള്ളുന്ന സാമൂഹ്യഭൂമികകൂടി കണക്കിലെടുത്തുകൊണ്ടുമാത്രമേ ഉചിതമായ തതുല്യപദം കണ്ടെത്താൻ പാടുള്ളൂ. പദാവലികളും റഫറൻസ് വിഭവങ്ങളും ഉപയോഗിക്കുന്നവരും അവയുടെ നിർമ്മിതിയിൽ പങ്കെടുക്കുന്ന വരും തമ്മിലുള്ള സങ്കല്പനപരമായ പൊരുത്തക്കേടുകൾ ലഘൂകരിക്കാനും ശ്രദ്ധിക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഔദ്യോഗികശബ്ദാവലികളും നിഘണ്ടുക്കളും പ്രാദേശികഭാഷകളിൽ ഒറ്റപ്പെട്ടാണ് (isolated process) നിർമ്മിക്കുന്നത്. അത്തരം ഗ്ലോസറികൾ തയ്യാറാക്കുന്ന പ്രക്രിയയിൽ ഉപയോ ക്താക്കൾ ഒരിക്കലും ഉൾപ്പെടുന്നില്ല. സാമൂഹികസിദ്ധാന്തങ്ങളിൽ അറിവുള്ള ഭാഷാവിദഗ്ധരുടെയും സമൂഹശാസ്ത്രജ്ഞരുടെയും സംയുക്തപരിശ്രമത്തെ അടിസ്ഥാനമാക്കിയാണ് ഇത് തയ്യാറാക്കേണ്ടത്. എങ്കിൽ മാത്രമേ അനു യോജ്യപദാവലികൾ നിർമ്മിക്കാനാകൂ. നിലവിലെ വിവർത്തനരീതിയുടെ പ്രശ്നമാണ് ഇവിടെ വിവക്ഷ.

മൂല്യനിർണ്ണയമാണ് ഇനിയും ശ്രദ്ധ ലഭിക്കേണ്ട മറ്റൊരു മേഖല. ബോധനം (teaching), പഠനം (learning), മൂല്യനിർണ്ണയം അഥവാ വിലയിരുത്തൽ (evaluation) ഇവ പരസ്പരാശ്രിതമാണ്. ഇതിൽ ഏതെങ്കിലും ഒരു മേഖലയിൽ സംഭവിക്കുന്ന കുറവോ പിഴവോ മറ്റു രണ്ട് പ്രവർത്തനങ്ങളെയും ബാധിക്കും. ബോധനപ്രക്രിയയുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ശക്തമായ മാർഗമാണ് മൂല്യനിർണ്ണയമെങ്കിലും ബോധനം, പഠനം എന്നീ ഘടകങ്ങൾക്ക് ലഭിക്കുന്ന പ്രാധാന്യം മൂല്യനിർണ്ണയത്തിന് നൽകുന്നതായി അനുഭവപ്പെട്ടിട്ടില്ല. ശരിയായ മൂല്യനിർണ്ണയരീതികളില്ലാതെ അക്കാദമികമേഖലയുടെ ഗുണ നിലവാരം ഉറപ്പാക്കാൻ കഴിയില്ല. ഇന്ന് നിലനിൽക്കുന്ന മൂല്യനിർണ്ണയസംവി ധാനങ്ങൾ അപര്യാപ്തവും അപൂർണ്ണവുമാണ്. എങ്ങനെ വിലയിരുത്തണം എന്ന ചോദ്യങ്ങൾക്കപ്പുറം എന്ത് വിലയിരുത്തണം എന്ന ചോദ്യം നമ്മുടെ മൂല്യനിർണ്ണയസമ്പ്രദായങ്ങളിൽ ഇന്ന് അപ്രസക്തമായി കാണുന്നു. പ്രത്യേകമായി പറയുകയാണെങ്കിൽ, 'മാതൃഭാഷയിൽ സമൂഹശാസ്ത്രം പഠിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും' പ്രയോജനപ്പെടുത്തേണ്ട മൂല്യനിർണ്ണയരീതികൾ മറ്റ് സർവകലാശാലകളിലെ പരമ്പരാഗതശൈലികളാ വരുത്. ഭാഷാസർവകലാശാലകളിൽ, അധ്യാപനത്തിലും മൂല്യനിർണ്ണയത്തി ലും തികച്ചും വ്യത്യസ്തമായ രീതിയാണ് പിന്തുടരേണ്ടത്. മാതൃഭാഷയിൽ ബിരുദാനന്തരബിരുദതലത്തിലും ഗവേഷണത്തിലും ഏർപ്പെടുന്ന സമൂഹശാ സ്ത്രപഠനവിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുമ്പോൾ അവരുടേതായ സംഭാവനകൾ ഈ മേഖലയ്ക്ക് നൽകുന്ന രീതിയിലായിരിക്കണം മലയാള സർവകലാശാലയിൽ മൂല്യനിർണ്ണയം ചിട്ടപ്പെടുത്തേണ്ടത്. മൗലിക കൃതി കളുടെ രചനയോ വിവർത്തനങ്ങളോ ബിരുദാനന്തരബിരുദതലത്തിൽ തന്നെ പഠനപ്രവർത്തനത്തിന്റെയും മൂല്യനിർണ്ണയപ്രക്രിയയുടെ ഭാഗമാക്കുന്നത് സ്വാഗതാർഹമാണ്. മാതൃഭാഷയിലുള്ള പഠനവിഭവങ്ങളുടെ കുറവ് പരി ഹരിക്കുന്നതിന് മാതൃഭാഷയിലെഴുതുന്നതിനുള്ള പരിശീലനം പഠിതാക്കൾക്ക് നൽകുക എന്നത് അനിവാര്യമാണല്ലോ.

**ഉപരിപഠനരംഗത്തെ 'ഭാഷാപ്രശ്നം'**

സ്കൂൾതലത്തിൽ എല്ലാവിഷയങ്ങളും പൂർണ്ണമായും മലയാളത്തിൽ പഠിപ്പിക്കാനും പഠിക്കാനും നമുക്ക് സാധിക്കുന്നുണ്ട്. തുടർന്ന് ബിരുദതലം വരെ പഠനമാധ്യമം ഇംഗ്ലീഷാണെങ്കിലും ക്ലാസ്മുറിയിലെ വ്യവഹാരങ്ങൾ ഏറെക്കുറെ മാതൃഭാഷയിലായിരിക്കും. ഈ തലത്തിൽ പരീക്ഷാമാധ്യമമായി മലയാളം ഉപയോഗിക്കുന്ന ധാരാളം വിദ്യാർത്ഥികളും കേരളത്തിലുണ്ട്. മാനവികവിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളാണ് പലപ്പോഴും മലയാളം പഠനമാധ്യമമായി തെരഞ്ഞെടുക്കുന്നത് എന്നതും ശ്രദ്ധേയമാണ്. സമൂഹ ശാസ്ത്രവിഷയങ്ങളുടെ വിനിമയത്തിനുള്ള വിജ്ഞാനഭാഷ എന്നനിലയിൽ വഴക്കമുള്ള ഭാഷയാണ് മലയാളം എന്നതിന്റെ സൂചനയാണ് ഇതുനൽകുന്നത്. പക്ഷേ അതേ ആത്മവിശ്വാസം ബിരുദാനന്തരബിരുദതലത്തിലോ ഗവേഷണ തലത്തിലോ മലയാളം മാധ്യമമായി ഉപയോഗിക്കുന്നതിലില്ല എന്നതാണ് വാസ്തവം. ഉന്നതവിദ്യാഭ്യാസരംഗത്ത് ഒഴിച്ചുകൂടാനാകാത്ത മൂല കൃതിക ളുടെ വിവർത്തനം, മലയാളത്തിലുള്ള തനതുരചനകൾ, ഗവേഷണ പ്രബന്ധ ങ്ങൾ തുടങ്ങിയ റഫറൻസ് കൃതികളുടെ അഭാവമാണ് ഈ ആത്മ വിശ്വാസ ക്കുറവിന്റെ പ്രധാനകാരണം. വാസ്തവത്തിൽ, ബിരുദതലത്തിലുള്ളതിനേ ക്കാൾ ഈ പ്രശ്നം ബിരുദാനന്തരബിരുദതലത്തിലും ഗവേഷണതലത്തിലും തീവ്രമായി അനുഭവപ്പെടുന്നു. പ്രാദേശികഭാഷകളുടെ ഈ അപര്യാപ്തത ബിരുദാനന്തരബിരുദതലത്തിലും തുടർന്നും ബോധനമാധ്യമമായി ഇവ ഉപയോഗിക്കുന്നത് മാറ്റിവയ്ക്കുന്നതിനോ പൂർണ്ണമായും ഒഴിവാക്കുന്നതിനോ ഉള്ള ന്യായമായ കാരണമായി പലരും കാണുന്നു.

നിലവിൽ മറ്റുഭാഷകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സമൂഹശാസ്ത്ര ചിന്തകൾ (sociological thought) അവതരിപ്പിക്കാൻ ഫലപ്രദമായ ഭാഷയല്ല മലയാളം എന്നതുകൊണ്ട് ഭാവിയിൽ ബിരുദാനന്തരതലത്തിലെ അധ്യാപന ത്തിന്റെ ആവശ്യകതകളിലേക്ക് അതിന് വളരാൻ കഴിയുകയില്ലെന്ന് സങ്കല്പി ക്കേണ്ടതില്ല. പ്രാദേശികഭാഷയുടെ വളർച്ച വ്യാവസായികനാഗരികത യുടെയും സാംസ്കാരികഅനുബന്ധങ്ങളുടെയും വികാസവുമായി ബന്ധപ്പെട്ടി രിക്കുന്നു. ഭൂരിപക്ഷവും ബിരുദാനന്തരതലത്തിൽ ഇംഗ്ലീഷ് പഠനമാധ്യമമായി ഉപയോഗിക്കുന്നതിനെ അനുകൂലിക്കുന്നുവെങ്കിൽ, പ്രധാനമായും അത് ആ ഭാഷയുടെ പ്രായോഗികതയെ മാത്രം മുൻനിർത്തി നടത്തുന്ന ഒരു തിരഞ്ഞെടു പ്പാണ്. നേരെമറിച്ച്, മലയാളഭാഷക്ക് വൈജ്ഞാനികഭാഷ എന്ന നിലയിൽ വളരാനുള്ള അന്തർലീനമായ പരിമിതിയോ കഴിവില്ലായ്മയോ മുൻകൂട്ടി കണ്ടു കൊണ്ടല്ല നാമാരും ഇംഗ്ലീഷ് തിരഞ്ഞെടുക്കുന്നത്. സർവകലാശാലകളിൽ സമൂഹശാസ്ത്രചിന്തയുടെ ആവിഷ്കാരത്തിനുള്ള ഉപാധിയായി മലയാള ഭാഷ വികസിക്കുമ്പോൾ, അത് നമ്മുടെ സർവകലാശാലകളിൽ ക്ലാസ് മുറികളിൽ നടക്കുന്ന ബോധനപ്രക്രിയയുടെയും പരീക്ഷയുടെയും മാധ്യമമായി ഉപയോഗിച്ചേക്കാം. നിലവിൽ മലയാളസർവകലാശാലയിൽ ഈ പ്രക്രിയ നടന്നുവരുന്നുണ്ട്. വ്യവസ്ഥാപിതമായി നടപ്പിലാക്കുകയും അധ്യാപന ത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ മുൻകരുതലുകൾ എടുക്കുകയും ചെയ്താൽ, അത് വളരെ സ്വാഗതാർഹമായ പരീക്ഷണങ്ങളായിരിക്കും.

കൂടാതെ, ബിരുദാനന്തരബിരുദതലത്തിൽ പ്രാദേശികഭാഷ അവതരിപ്പിക്കുന്നതിന് മുമ്പ് സ്കൂൾ-കോളേജ് തലം മുതൽ മലയാളത്തെ വൈജ്ഞാനിക ഭാഷയായി അവതരിപ്പിക്കുന്ന തരത്തിൽ നമ്മുടെ പരിശ്രമങ്ങളും നേട്ടങ്ങളും ഏകീകരിക്കണം എന്നത് ന്യായമായ ഒരു നിർദ്ദേശമായി തോന്നുന്നു.

ലോകഭാഷയായ ഇംഗ്ലീഷിലുള്ള പ്രാവീണ്യക്കുറവ് തൊഴിലിടങ്ങളിലും അക്കാദമികരംഗത്തും പുറകോട്ടുനയിക്കും എന്ന ഭയം നമുക്കുണ്ട്. പക്ഷേ ഇവിടെ വിമർശനാത്മകമായി തന്നെ നമ്മുടെ സ്കൂൾവിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾ ഭാഷാപ്രവീണ്യം നേടുന്നതിന് സ്കൂൾവിദ്യാഭ്യാസകാലഘട്ടം പ്രയോജനപ്പെടുത്തണം. ഇംഗ്ലീഷിലുള്ള സ്കൂൾ, കോളേജ് കാലഘട്ടം ആ ഭാഷയിൽ ആവശ്യമായ പ്രാവീണ്യം നല്കുന്നില്ലെങ്കിൽ നാം അനുവർത്തിക്കുന്നരീതിയിൽ എന്തോ കുറവുണ്ടെന്ന് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇംഗ്ലീഷ്ഭാഷയിലുള്ള കോഴ്സുകൾ ചിന്താപൂർവ്വം ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ, ആ ഭാഷയിൽ വായിക്കുന്നതിനും എഴുതുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുമെന്ന് തീർച്ചയാണ്. അതുകൊണ്ടുതന്നെ ഇംഗ്ലീഷിലുള്ള സ്കൂൾ, കോളേജ് കോഴ്സുകൾ പരിഷ്ക്കരിക്കപ്പെടുകയും മാറുന്ന കാലത്തിന്റെ പുതിയ ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുകയും ചെയ്യേണ്ട ഘട്ടമാണിത്. ഈ കോഴ്സുകളിൽ സാഹിത്യപരമായ ഉള്ളടക്കങ്ങൾക്ക് നൽകുന്ന അമിതപ്രാധാന്യം ഒഴിവാക്കി പകരം പഠിതാക്കളുടെ ഭാഷാവൈദഗ്ധ്യം ഉയർത്തുന്ന തരത്തിൽ അവ രൂപകൽപ്പന ചെയ്താൽ, വിദ്യാർത്ഥികൾക്ക് ബിരുദാനന്തരബിരുദകാലഘട്ടത്തിലോ ഗവേഷണകാലഘട്ടത്തിലോ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ വലിയ തടസ്സമുണ്ടാകില്ല.

പ്രാദേശികഭാഷയിൽ ഉന്നതവിദ്യാഭ്യാസം നേടുന്നത് മറ്റുഭാഷകൾ പഠിക്കുന്നതിനുള്ള അവസരങ്ങൾ ഒരുരീതിയിലും ഇല്ലാതാക്കുന്നില്ല. സമൂഹശാസ്ത്രംപോലുള്ള വിശാലമായ വിജ്ഞാനശാഖകളിലെ മുഖ്യകൃതികളെല്ലാം തന്നെ ഇംഗ്ലീഷിൽ രചിക്കപ്പെട്ടവയല്ല. അതുകൊണ്ട് ഉന്നതവിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നവരും വിദ്യാർത്ഥികളും പല ഭാഷകൾ സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതുണ്ട്. വ്യത്യസ്ത ഭാഷാഭൂമികകൾ തമ്മിലുള്ള ആശയവിനിമയത്തിന് പൊതുവായി അംഗീകരിക്കപ്പെട്ട ഒരു ഭാഷ എന്ന നിലയിലും ഇംഗ്ലീഷിൽ പ്രത്യേകമായും, ജർമ്മൻ, ഫ്രഞ്ച്, ഇറ്റാലിയൻ, സ്പാനിഷ് തുടങ്ങിയ സഹഭാഷകളിലും അവഗാഹം ഉണ്ടാവേണ്ടതായിട്ടുണ്ട്. പ്രാദേശികഭാഷയിലുള്ള പഠനം എന്നാൽ മാതൃഭാഷയിലുള്ള പഠനം മാത്രമല്ല അത് ഒരു ബഹുഭാഷാസമീപനമാണെന്ന് സാരം. കൂടാതെ, പുതിയ കാലത്ത് ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ-വിദ്യാഭ്യാസ സംബന്ധമായ കുടിയേറ്റ സമവാക്യങ്ങൾക്കും ഈ സമീപനം ഗുണകരമായിത്തീരും.

വാസ്തവത്തിൽ, സർവകലാശാലാതലത്തിലെ ബോധനമാധ്യമം സംബന്ധിച്ച് നാം എന്ത് തിരഞ്ഞെടുത്താലും, സർവകലാശാലാവിദ്യാഭ്യാസത്തിന്റെ 'ലൈബ്രറിഭാഷ' എന്ന നിലയിൽ നിലവിൽ ഇംഗ്ലീഷിനുള്ള സ്ഥാനം തുടരും. ഈ തലത്തിൽ വിദ്യാർത്ഥി അറിവ് തേടുകയും നിർമിക്കുകയും

ചെയ്യുന്ന പ്രക്രിയയിലെ പങ്കാളിയാണ്. അതിനാൽ, സർവകലാശാലാവിദ്യാർത്ഥിക്ക് വിഷയത്തിലും പരിസരത്തിലും സ്വന്തമായി വായിക്കാൻ ഇംഗ്ലീഷിൽ മതിയായ അറിവ് ഉണ്ടായിരിക്കണം എന്നകാര്യത്തിൽ തർക്കമൊന്നുമില്ല. നിലവിൽ ലൈബ്രറിഭാഷ എന്ന നിലയിൽ ഇംഗ്ലീഷിനുള്ള പ്രാധാന്യം അനിവാര്യമായും വിദ്യാർത്ഥിയുടെ ഭാഗത്തുനിന്നും ആ ഭാഷ സ്വായത്തമാക്കാനുള്ള അധികപരിശ്രമം ആവശ്യപ്പെടുന്നു. ഉയർന്ന അറിവ് തേടുന്നവർ കൂടുതൽ പരിശ്രമിക്കേണ്ടിവരുന്നത് സ്വാഭാവികമാണല്ലോ. സ്കൂൾ, കോളേജ് വിദ്യാഭ്യാസകാലഘട്ടത്തിൽ തന്റെ പാഠ്യവിഷയത്തിലും ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിലും വേണ്ടത്ര പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിൽ പഠനത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന യുക്തിസഹമായ അഭിലാഷമുള്ള ഒരു വിദ്യാർത്ഥിക്ക് ഈ അധികപരിശ്രമങ്ങൾ അക്കാദമികജീവിതത്തിന് ഉപയോഗപ്രദമായിത്തീരുകയും ചെയ്യും.

**ചില മാതൃകകൾ**

ട്യൂട്ടോറിയൽ സംവിധാനമാണ് ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, അതുപോലെ ദില്ലി എന്നീ സർവകലാശാലകളിലെ സമൂഹശാസ്ത്രപഠന - ഗവേഷണ പ്രവർത്തനങ്ങളെ വേറിട്ട് നിർത്തുന്നത്. ട്യൂട്ടോറിയൽ എന്നത് എല്ലാ വിദ്യാർത്ഥികളും അവർക്ക് നിയോഗിക്കപ്പെട്ട അദ്ധ്യാപകരുമായും സാധാരണയായി ഒന്നോ രണ്ടോ സഹവിദ്യാർത്ഥികളുമായും നടത്തുന്ന പ്രതിവാരകൂടിക്കാഴ്ചയാണ്. ആ ആഴ്ചയിലെ വായന അല്ലെങ്കിൽ പഠനപ്രശ്നങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങളും അഭിപ്രായങ്ങളും ഈ അവസരത്തിൽ വിദ്യാർത്ഥികൾ പങ്കുവെക്കുന്നു. ഇത് പ്രായോഗികമായി അൽപ്പം ബുദ്ധിമുട്ടായി തോന്നുമെങ്കിലും, വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസപശ്ചാത്തലം എന്തായിരുന്നാലും ആത്മവിശ്വാസം വളർത്തുന്നതിനും അക്കാദമിക ചർച്ച വിജയകരമാക്കാൻ ആവശ്യമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ഈ കൂടിക്കാഴ്ച്ചകൾ സഹായിക്കുന്നു. ട്യൂട്ടോറിയൽ ടീച്ചിംഗ് വിദ്യാർത്ഥികളെ അക്കാദമികമായി മുന്നോട്ട് കൊണ്ടുപോകാനും മികവ് വർദ്ധിപ്പിക്കാനും സ്വന്തം താൽപ്പര്യങ്ങൾക്കനുസരിച്ചു പഠിക്കാനുമുള്ള സ്വാതന്ത്ര്യവും നൽകുന്നു. അതുപോലെ, അധ്യാപകർക്ക് വിദ്യാർത്ഥികളുടെ പുരോഗതി സൂക്ഷ്മമായി നിരീക്ഷിക്കാനും പ്രാരംഭഘട്ടത്തിൽ പഠനപ്രവർത്തനങ്ങളിലോ ഗവേഷണങ്ങളിലോ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ വിദ്യാർത്ഥികളെ സഹായിക്കാനും കഴിയും.

ഒരു വിഷയം പഠിക്കുന്നതിനുള്ള ഫലപ്രദമായ മാർഗമെന്ന നിലയിൽ, സ്വതന്ത്രചിന്ത,ആത്മവിശ്വാസം,സ്വാശ്രയത്വം എന്നിങ്ങനെ ഉപയോഗപ്രദമായ നിരവധി കഴിവുകൾ വികസിപ്പിക്കാനും ഈ സംവിധാനം സഹായിക്കുന്നു. അതോടൊപ്പം, സമപ്രായക്കാരോടൊത്തുള്ള പഠന(peer learning)പ്രക്രിയയും ട്യൂട്ടോറിയലിന്റെ ഭാഗമായി സ്വാഭാവികമായി സംഭവിക്കുന്നു. ഓക്സ്ഫോർഡ് പോലുള്ള സ്ഥാപനങ്ങൾ വിദ്യാർത്ഥികൾ തിരഞ്ഞെടുക്കാനുള്ള പ്രധാന കാരണങ്ങളിലൊന്ന്, അവരുടെ വിഷയത്തിൽ സമാനമായ ഉത്സാഹമുള്ള വിദ്യാർ

ത്ഥികളിൽ നിന്ന് പഠിക്കാൻ കഴിയുമെന്നതാണ്. പഠനം എന്ന അനുഭവത്തിന്റെ തലം തന്നെ ഇവിടെ മാറുന്നു. അത് കൂടുതൽ ആസ്വാദ്യകരമാകുന്നു. ഇത്തരം മാതൃകകളും പഠനാനുഭവങ്ങളും പരിശീലനങ്ങളും ഉപരിപഠനരംഗത്ത് അനുവർത്തിക്കാവുന്നതാണ്.

നിലവിലെ ഭാഷാവികസനനയങ്ങളുടെ പരാജയത്തിന്റെ കാരണങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ, സമൂഹത്തിൽ നിലനിൽക്കുന്ന ഒരു ബഹുഭാഷാസാഹചര്യത്തിൽ ഇന്ത്യയിലെ മറ്റ് പ്രാദേശികഭാഷകളെയും ലോകത്തെ പ്രധാന വൈജ്ഞാനികഭാഷകളെയും ചേർത്തുനിർത്തി മലയാളഭാഷയുടെ വൈജ്ഞാനികപദവി ഉയർത്തുന്നതാവും കൂടുതൽ നന്നാവുക. നിലവിലെ ബഹുഭാഷാസാഹചര്യത്തിൽ ഒരു ഭാഷയുടെ വികസനം ലക്ഷ്യം വെച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മറ്റ് ഭാഷകളെ പൂർണമായും ഒഴിവാക്കിനിർത്തുന്ന ഒരു സമീപനം അഭികാമ്യമല്ല. ചിന്തകൾക്ക് ഒറ്റയ്ക്ക് വളരാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഇന്ത്യൻ സാമൂഹികചിന്തയുടെ വികാസത്തിന് വിവിധ പ്രാദേശികഭാഷകൾ തമ്മിലുള്ള അക്കാദമിക ആശയവിനിമയം അനിവാര്യമാണെന്നതിൽ സംശയമില്ല. എല്ലാവർക്കും സ്വീകാര്യമായ ഒരു ഭാഷയുടെ അഭാവമാണ് ബൗദ്ധിക ആശയവിനിമയത്തിന്റെ പ്രധാന മാധ്യമമായി ഇന്നും ഇംഗ്ലീഷിനെ ആശ്രയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. പ്രാദേശിക ഭാഷകൾ തമ്മിലുള്ള ബൗദ്ധിക ആശയവിനിമയത്തിനായി ഇന്ത്യൻ ബുദ്ധിജീവികളും സമൂഹശാസ്ത്രജ്ഞരും ഭാഷാപരമായ അതിർത്തികൾക്കതീതമായ കൊടുക്കൽവാങ്ങലുകൾ ലളിതമാക്കുന്ന സാങ്കേതികവിദ്യകൾ സ്വീകരിച്ചാൽ വ്യത്യസ്ത ഭൂമികകൾക്കിടയിലുള്ള ആശയവിനിമയത്തിന്റെ പ്രശ്നം ഒരു പരിധി വരെ ലളിതമാക്കാൻ കഴിയും. ഇത് പ്രാദേശികഭാഷകൾ തമ്മിലുള്ള ആശയവിനിമയം സുഗമമാക്കുകയും ഒരു പ്രാദേശിക ഭാഷയുടെ സാമൂഹിക സംഭാവനകൾ മറ്റു ഭാഷകളിലേക്ക് കൈമാറ്റം ചെയ്യുന്നത് ത്വരിതപ്പെടുത്തുകയും ചെയ്യും.

ഈ ചിന്തയുടെ തുടർച്ചയെന്ന നിലയിൽ ഉരുത്തിരിയുന്ന മറ്റൊരാശയം സർവകലാശാലകളിലെ സമൂഹശാസ്ത്രപഠനവകുപ്പുകൾ, രണ്ടു ഭാഷയെങ്കിലും പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണമെന്നതാണ്. ഈ വകുപ്പുകളിലെ പഠനം, അധ്യാപനം, ഗവേഷണം എന്നീ പ്രക്രിയകളിൽ ഇംഗ്ലീഷിനും പ്രാദേശികഭാഷയ്ക്കും ഇടം ലഭിക്കണം. അന്താരാഷ്ട്രവിജ്ഞാനത്തിന്റെ താക്കോൽസ്ഥാനം വഹിക്കുന്ന ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം ലോകസമൂഹശാസ്ത്രവും(Sociology in the World) ഇന്ത്യൻസമൂഹശാസ്ത്രവും(Sociology in India)കേരളസമൂഹശാസ്ത്രവും(Sociology in Kerala) തമ്മിലുള്ള ആശയ വിനിമയം നിലനിർത്തുന്നതിന് അനിവാര്യമാണ്. അതുപോലെ, സമൂഹശാസ്ത്രജ്ഞരും അവർ പഠനവിധേയമാക്കുന്ന സമൂഹവും അതിൽ ജീവിക്കുന്ന മനുഷ്യരും തമ്മിലുള്ള ആശയവിനിമയം ഫലപ്രദമാക്കുന്നതിന് പ്രാദേശിക ഭാഷയിലുള്ള അറിവ് പ്രധാനമാണ്. ആശയവിനിമയം നടത്താനും ഇന്ത്യൻ ഭാഷകളിൽ രൂപപ്പെടുന്ന സാമൂഹിക-സാംസ്കാരികചിന്തകൾ വിലയിരുത്തുന്നതിനും അവയിലേക്ക് സംഭാവന ചെയ്യുന്നതിനും സമൂഹശാസ്ത്രപഠന വിദ്യാർഥികളും

അധ്യാപകരും പ്രാദേശികഭാഷയിൽ അറിവുള്ളവരായിരിക്കണം. ദ്വിഭാഷാ നയം/ബഹുഭാഷാനയം സ്വീകരിക്കുന്നതിലൂടെ, സർവകലാ ശാലകളിലെ സോഷ്യോളജിവകുപ്പുകൾക്ക് അവരുടെ വൈജ്ഞാനിക ലോകവും നിലനിൽക്കുന്ന സാമൂഹികയാഥാർഥ്യങ്ങളും തമ്മിൽ വിടവുകളില്ലാതെ ബന്ധിപ്പിക്കുന്ന കണ്ണികളായി പ്രവർത്തിക്കാൻ സാധിക്കും.

കേരളത്തിൽ ഭാഷ അടിസ്ഥാനമായി പ്രവർത്തിക്കുന്ന സർവകലാ ശാലകളിലൊഴികെയുള്ള എല്ലാ ഗവേഷണസ്ഥാപനങ്ങളിലും പ്രത്യേകിച്ച് ഡോക്ടറൽ ഗവേഷണതലത്തിൽ വിനിമയ മാധ്യമമായി ഇംഗ്ലീഷ് തുടരുമെന്ന് വ്യക്തമാണ്. എങ്കിലും, ഡോക്ടറൽ ഗവേഷണത്തിന്റെ പാൻഇന്ത്യൻ അല്ലെ ങ്കിൽ ആഗോളസാധ്യതകളെ ബാധിക്കാതെ തന്നെ പ്രാദേശികഭാഷയുടെ വികാസത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാൻ കഴിയും. ഇംഗ്ലീഷിലെഴുതിയ പ്രബന്ധത്തിനൊപ്പം പ്രാദേശികഭാഷയിൽ അതിന്റെ സംഗ്രഹം സമർപ്പിക്കാൻ ഡോക്ടറൽ ബിരുദം നേടുന്ന വ്യക്തിക്ക് അവസ രമുണ്ടെങ്കിൽ, പ്രാദേശികഭാഷയിലുള്ള വിജ്ഞാനനിർമ്മിതിയ്ക്ക് അത് ഗുണം ചെയ്യും. അതുപോലെ മലയാളസർവകലാശാലയിൽ സമർപ്പിക്കുന്ന പ്രബന്ധ ങ്ങളുടെ, കഴിയുമെങ്കിൽ പൂർണ്ണ ഇംഗ്ലീഷ്പരിഭാഷയും അല്ലാത്തപക്ഷം ഇംഗ്ലീഷിലുള്ള പ്രബന്ധസംഗ്രഹവും പ്രസിദ്ധപ്പെടുത്തണം. ചില സർവകലാ ശാലകൾ ഇത്തരം ശ്രമങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. ഇത് മുഴുവൻ ഗവേഷണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. പുതിയ അറിവുകൾ പ്രാദേശിക ഭാഷയിലൂടെ വിനിമയം ചെയ്യപ്പെടുന്നത് സമൂഹശാസ്ത്രസാഹിത്യത്തിന്റെ (sociological literature) വളർച്ചയ്ക്കും സമ്പുഷ്ടീകരണത്തിനും സഹായിക്കും. ഇത് പ്രാദേശികഭാഷയിൽ പുതിയ റഫറൻസ് മെറ്റീരിയലുകളുടെ ഉറവിടങ്ങളായി മാറും. മറുവശത്ത്, പ്രാദേശികഭാഷയിൽ പ്രകടിപ്പിക്കുന്ന സാമൂഹിക ചിന്തയുമായി സമ്പർക്കം പുലർത്താനും ഒരു ഭാഷ നിലകൊള്ളുന്ന ഭൂമിക യിലെ സാമൂഹികയാഥാർത്ഥ്യത്തിൽ നിന്ന് ഒറ്റപ്പെടുന്ന അനുഭവം കുറയ്ക്കുന്ന തിനും സമൂഹശാസ്ത്രജ്ഞരെ സഹായിക്കും. അക്കാദമികവിദഗ്ദ്ധരും പ്രാദേ ശികഭാഷയിൽ സംസാരിക്കുന്ന സാമൂഹികചിന്തകരും തമ്മിലുള്ള ആശയ വിനിമയം ഇത് സുഗമമാക്കും. പ്രാദേശികഭാഷയിലെ ഗൗരവമേറിയ ജേണലുകളിലും മറ്റ് രചനകളിലും ലഭ്യമായ സമൂഹശാസ്ത്രപരമായ വിവരങ്ങൾ കൂടുതൽ ശ്രദ്ധിക്കാൻ ഇത് സമൂഹശാസ്ത്രജ്ഞരെ പ്രേരിപ്പിക്കും. അങ്ങനെ, ഇന്ത്യയിലെ സമൂഹശാസ്ത്രചിന്തകൾ പ്രാദേശികഭാഷകളിലൂടെ വളർച്ചപ്രാപിക്കും.

ഏത് തലത്തിലുള്ള ഗവേഷണവും അർഥവത്താകുന്നത് വ്യക്തി യുടെയോ, വ്യക്തികളുടെയോ മൗലികമായ കണ്ടെത്തലുകളിലൂടെയാണ്. ഗവേഷണപ്രശ്നത്തെക്കുറിച്ചും അതിന്റെ സാഹചര്യത്തെക്കുറിച്ചും നേരിട്ട് അറിവുള്ള വ്യക്തികൾ ഇത് മറ്റൊരു ഭാഷയിലവതരിപ്പിക്കുമ്പോൾ ഒരു വ്യാഖ്യാതാവിന്റെ സഹായം അഭ്യർത്ഥിക്കേണ്ടതായിവരും. അതേസമയം, പ്രാദേശികഭാഷയിൽ സ്വന്തം ഗവേഷണം ഏറ്റവും ഫലപ്രദമായി വിശദീകരി ക്കാനാവുക ഗവേഷണത്തിൽ നേരിട്ടേർപ്പെട്ട വ്യക്തിക്ക് തന്നെയാവും. മലയാള

ത്തിലുള്ള വിജ്ഞാനനിർമ്മിതി പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണ വിദ്യാർത്ഥികൾ മറ്റുഭാഷകളിൽ പ്രസിദ്ധീകൃതമായിട്ടുള്ള സമൂഹശാസ്ത്ര സംബന്ധിയായ കൃതികളുടെ വിശകലനാത്മകപഠനത്തിനോ പരിഭാഷാപ്രവർത്തനങ്ങളിലോ താൽപ്പര്യം കാണിക്കുകയാണെങ്കിൽ, അത്തരത്തിലുള്ള ഗവേഷണാധിഷ്ഠിതവും മികച്ചനിലവാരവുമുള്ള രചനകളെ ഡോക്ടറൽ തീസിസിനും പോസ്റ്റ്ഡോക്ടറൽ ഗവേഷണങ്ങൾക്കും പരിഗണിക്കാവുന്നതാണ്. അത്തരമൊരു തീരുമാനത്തിന് പ്രാദേശികഭാഷയിലുള്ള രചനയ്ക്കായി യുവതലമുറയിലെ സമൂഹശാസ്ത്രജ്ഞരുടെ മികച്ച ശ്രമങ്ങൾക്ക് ആവശ്യമായ അംഗീകാരവും പ്രോത്സാഹനവും നൽകാൻ കഴിയും. ഇത്തരം വിഷയങ്ങളിലുള്ള നയരൂപീകരണങ്ങൾ വിജ്ഞാനഭാഷയായി പ്രാദേശികഭാഷകളെ പരിപോഷിപ്പിക്കുന്ന ശ്രമങ്ങൾക്ക് വലിയരീതിയിൽ ഊർജ്ജം പകരും.

അതേ സമയം, മറ്റു ഭാഷകളിലുള്ള രചനകളുടെ പരിഭാഷകളോ പഠനങ്ങളോ മാത്രമായി മലയാളത്തിലുള്ള സമൂഹശാസ്ത്രരചനകൾ ഒതുങ്ങിപ്പോകയുമരുത്. മൗലികരചനകൾ മലയാളത്തിൽ പ്രോത്സാഹിപ്പിക്കപ്പെടണം. മലയാളത്തിലുള്ള മൗലികരചനകളെന്നാൽ നമ്മുടെ ചിന്തകളുടെ രേഖപ്പെടുത്തലിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ഗവേഷണത്തിലൂടെ മാത്രമേ തനതായ അറിവ് രൂപപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇന്ത്യൻ സമൂഹത്തിന്റെ, വിശിഷ്യ, കേരളത്തിന്റെ പശ്ചാത്തലത്തിലുള്ള നമ്മുടെ സാമൂഹികമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന, സാംസ്കാരികമായ സവിശേഷതകളെ പരിചയപ്പെടുത്തുന്ന, കൃത്യമായ സൈദ്ധാന്തികരൂപരേഖയ്ക്കകത്ത് ഫീൽഡധിഷ്ഠിതമോ അല്ലാത്തതോ ആയ പഠനങ്ങൾ നടത്തി പുതിയ സിദ്ധാന്തങ്ങളെ സംഭാവനചെയ്യുന്ന, നിലവിലുള്ളവയിൽ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ വരുത്തുന്ന ഗവേഷണപ്രവർത്തനങ്ങളിലൂടെ ഫലങ്ങൾ കണ്ടെത്തുകയും മലയാളത്തിൽ രേഖപ്പെടുത്തുകയും ചെയ്യുമ്പോൾ മാത്രമേ മൗലികരചനകൾ ഉണ്ടാകുകയുള്ളൂ. അതായത് സിദ്ധാന്തങ്ങളിലുള്ള അവഗാഹവും ഫീൽഡധിഷ്ഠിതപഠനങ്ങളിൽനിന്നുള്ള അനുഭവങ്ങളും ഉൾക്കാഴ്ചകളും ശരിയായ വിധത്തിൽ കൂടിച്ചേരുമ്പോൾ മാത്രമേ തനത് ജ്ഞാനം രൂപപ്പെടുകയുള്ളൂ. ഈ സമന്വയം മൗലികഗവേഷണത്തിനും രചനകൾക്കും അഭികാമ്യമാണ്. ഇന്ത്യയിലെ ആദ്യത്തെ സോഷ്യോളജി പഠനവകുപ്പുകൾ സ്ഥാപിതമായ ബോംബെ, ലഖ്നൗ, ഡൽഹി പോലുള്ള സർവകലാശാലകളിലെ ആദ്യതലമുറ ഗവേഷകർ ഇന്ത്യൻപശ്ചാത്തലത്തിൽ നടത്തിയ പഠനങ്ങളാണ് പിൽക്കാലത്ത് ഇന്ത്യയിൽ മാത്രമല്ല ലോകത്താകമാനമുള്ള സർവകലാശാലകളിൽ ഇന്ത്യൻസമൂഹപഠന(study of sociology in / of India) മണ്ഡലത്തെക്കുറിച്ചുള്ള ആധികാരികഗ്രന്ഥങ്ങളായി മാറിയത്. ഇതേ മാതൃകയിൽ മലയാളസർവകലാശാലയിൽനിന്ന് സമൂഹശാസ്ത്രത്തിൽ ഗവേഷണം പൂർത്തിയാക്കുന്ന ഗവേഷകരുടെ പ്രബന്ധങ്ങൾ ഭാവിയിൽ ഇന്ത്യൻസമൂഹത്തെയും കേരളസമൂഹത്തെയും സംബന്ധിച്ച് മലയാളത്തിലുള്ള മൗലികകൃതികളായി മാറാൻതക്ക ഉള്ളുറപ്പോടെ വേണം രൂപകല്പന നടത്താൻ.

**മാതൃഭാഷയിലുള്ള പാഠ്യക്രമം, പാഠ്യപദ്ധതി, ഗവേഷണ ജേണലുകൾ**

ഇന്ത്യയിലെ പ്രശസ്തമായ എല്ലാ സർവകലാശാലകളുടെയും പാഠ്യപദ്ധതികളോട് താരതമ്യംചെയ്തു നോക്കിയാണ് മലയാളസർവകലാശാലയിലെ സോഷ്യോളജിവിഭാഗം പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കേരളത്തിനകത്തും പുറത്തുമുള്ള പ്രഗത്ഭരായ സമൂഹശാസ്ത്രജ്ഞരുമായി നിലനിർത്തിപ്പോരുന്ന നിരന്തരമായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയുമാണ് നിലവിലുള്ള പാഠ്യപദ്ധതി ഉരുവപ്പെട്ടുവന്നിട്ടുള്ളത്. മാതൃഭാഷയിലുള്ള സമൂഹശാസ്ത്രപഠനം ഏറെ ഹൃദ്യവും അതോടൊപ്പം തന്നെ ഉയർന്നനിലവാരത്തിലുള്ളതുമായിരിക്കണമെന്ന നിർബന്ധബുദ്ധിയോടെയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. കാലോചിതമായ മാറ്റങ്ങളും ഇതിൽ വരുത്തിപ്പോരുന്നു. മലയാളത്തിൽ ഫലപ്രദമായ സമൂഹശാസ്ത്രപഠനം വിഭാവനം ചെയ്യുമ്പോൾ ഈ മേഖലയിൽ ഭാവിയിൽ നിർബന്ധമായും സംഭവിക്കേണ്ട പുതിയ ശ്രമങ്ങൾക്ക് മാതൃകയാക്കാവുന്ന തരത്തിലുള്ള ഒരു പാഠ്യപദ്ധതി തയ്യാറാക്കേണ്ടതും അനിവാര്യമാണല്ലോ. അതിനർത്ഥം, മലയാള സർവകലാശാലയിലെ നിലവിലെ സമൂഹശാസ്ത്രപാഠ്യപദ്ധതി എല്ലാം തികഞ്ഞതാണെന്നല്ല. വളരെ ചുരുക്കം കോഴ്സുകൾക്കു മാത്രമേ വായനയ്ക്കും പഠനത്തിനുമായി മൗലികകൃതികൾ(original texts) പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. കൂടാതെ, നിലവിൽ വിവിധ കോഴ്സുകളുടെ ഭാഗമായി നിശ്ചയിച്ചിരിക്കുന്ന വിവിധ ആശയങ്ങളുടെ വിശദീകരണത്തിന് ഊന്നൽ നൽകുന്ന വിധത്തിൽ തയ്യാറാക്കിയ പാഠ്യപദ്ധതിയിൽ(concept-driven syllabus)നിന്നും മൗലികരചനകളുടെ വായനയ്ക്കും വിശകലനത്തിനും(syllabus emphasising the reading and analysis of original texts) പ്രാമുഖ്യം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി കാലക്രമേണ വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ലോകത്തിലെ ശ്രദ്ധേയമായ സമൂഹശാസ്ത്ര പഠനമികവുകേന്ദ്രങ്ങളിലെല്ലാം(advanced study centers in sociology) ഈ മാതൃകയാണ് പിന്തുടർന്നുപോരുന്നത്.

മാതൃഭാഷയിൽ സമൂഹശാസ്ത്രം പഠിപ്പിക്കാൻ ആഗ്രഹിക്കുന്നതുപോലെത്തന്നെ മാതൃഭാഷയിൽ എഴുതപ്പെടുന്ന മികച്ച ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കാൻ ഗവേഷണപത്രികകളും (research journals) അനിവാര്യമാണ്. 2017-മുതൽ മലയാളസർവകലാശാലയിലെ സോഷ്യോളജി വിഭാഗം പ്രസിദ്ധീകരിച്ചുവരുന്ന 'സമീക്ഷ ഗവേഷണജേണൽ' അത്തരമൊരു വലിയ ലക്ഷ്യത്തിലേക്കുള്ള ചെറിയ കാൽവെപ്പായിരുന്നു. മലയാളത്തിലെ ആദ്യത്തെ സോഷ്യോളജി ഗവേഷണജേണൽ കൂടിയാണ് പ്രസിദ്ധീകരണത്തിന്റെ അഞ്ചാംവർഷത്തിലെത്തിനിൽക്കുന്ന 'സമീക്ഷ'. സമൂഹപഠനരീതിശാസ്ത്രം (sociological methods) അവലംബിച്ചുകൊണ്ട് മലയാളഭാഷയിൽ രചിക്കപ്പെട്ട ഭേദപ്പെട്ട ഗവേഷണപ്രബന്ധങ്ങളുടെ കുറവ് സമീക്ഷയുടെ പ്രസിദ്ധീകരണത്തിൽ പലപ്പോഴും പ്രതിസന്ധി ഉണ്ടാക്കാറുണ്ട്. മലയാളത്തിൽ എഴുതാനും പ്രസിദ്ധീകരിക്കാനും അവസരങ്ങൾ ഉണ്ടാക്കുക എന്നത് പ്രധാനമാണ്. മാതൃഭാഷയിലൂടെയുള്ള സമൂഹശാസ്ത്രപഠനം (doing sociology in mother tongue) എന്ന ആശയം സമൂഹപഠനമേഖലയിലുള്ള മലയാളികൾക്ക് അത്ര

പരിചിതമായിട്ടില്ല. അതുകൊണ്ടുതന്നെ മലയാളഭാഷയിൽ സമൂഹശാസ്ത്ര ഗവേഷണപ്രവർത്തനങ്ങൾക്ക് തനത് അക്കാദമികമേഖലയിൽ കാര്യമായ അംഗീകാരം ലഭിക്കുമോ എന്ന സന്ദേഹം മലയാളി സമൂഹ പഠനഗവേഷകരിൽ ഭൂരിഭാഗം വെച്ചുപുലർത്തുന്നുണ്ട്. ഈ സന്ദേഹം മികച്ച അക്കാദമികപ്രബന്ധ ങ്ങളിലൂടെയും അവ പ്രസിദ്ധീകരിക്കുന്ന മികച്ച ഗവേഷണപത്രികകളി ലൂടെയും മാത്രമേ ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ.

ഇത്തരം ശ്രമങ്ങൾ ഫലപ്രദമാകണമെങ്കിൽ വിദഗ്ദ്ധാവലോകനം പോലുള്ള പ്രക്രിയകൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗവേഷണത്തിന്റെയും എഴുത്തിന്റെയും ഗുണനിലവാരം വിലയിരുത്താൻ പ്രയോജനപ്പെടുത്തുന്ന രീതിയാണ് വിദഗ്ദ്ധാവലോകനം (expert review). മാനവിക-സാമൂഹിക ശാസ്ത്രവിഷയങ്ങളുടെ വളർച്ചയിൽ വിദഗ്ദ്ധാവലോകനത്തിന് വലിയ പ്രാധാന്യമുണ്ട്. ഒരു ഗവേഷണ ജേണലിൽ നിർദ്ദിഷ്ടപ്രബന്ധം പ്രസിദ്ധീകരി ക്കണോ അല്ലെങ്കിൽ ഗവേഷണത്തിന് ധനസഹായം നൽകണോ തുടങ്ങിയ തീരുമാനങ്ങൾക്ക് അടിസ്ഥാനമാകുന്ന സുപ്രധാനപ്രക്രിയയാണ് വിദഗ്ദ്ധാ വലോകനം. അത്തരം അവലോകനങ്ങൾ ഗവേഷകർക്കും എഴുത്തുകാർക്കും സ്വന്തം രചനകൾ മികച്ചതാക്കുന്നതിന് സാഹചര്യമൊരുക്കുന്നു.

മാനവികവിഷയങ്ങളിലും സമൂഹശാസ്ത്രവിഷയങ്ങളിലും ഗവേഷ ണത്തിലും പ്രസിദ്ധീകരണങ്ങളുടെ തിരഞ്ഞെടുപ്പിലും അന്തർദേശീയ തലത്തിലുള്ള വിദഗ്ദ്ധാവലോകനമാനദണ്ഡങ്ങൾ മാതൃകയാക്കാവുന്നതാണ്. ലോകത്തിലെ എല്ലാ മികച്ച ഗവേഷണജേണലുകളും സമൂഹശാസ്ത്ര ഗവേഷണരംഗത്തെ അതികായരായ എഴുത്തുകാരുടെ പ്രബന്ധങ്ങൾവരെ പല ആവൃത്തി തിരുത്തിയെഴുതിച്ചും അനിവാര്യമാകുന്ന പക്ഷം പ്രബന്ധങ്ങൾ തിരസ്ക്കരിച്ചുമാണ് അക്കാദമിക പ്രസിദ്ധീകരണഗുണനിലവാരം നിലനിർ ത്തിപ്പോരുന്നത്. അതുപോലെതന്നെ, ഒരു ഗവേഷണപ്രവർത്തനത്തിന്റെ മൂല്യം വിലയിരുത്താൻ നിയോഗിക്കപ്പെടുന്ന വ്യക്തി/വ്യക്തികൾ ആ മേഖല യിൽ അവരുടെ മൗലികമായ ഗവേഷണപ്രവർത്തനങ്ങളിലൂടെ കഴിവ് തെളിയി ക്കപ്പെട്ടവരാണെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. അക്കാദമികപഠനങ്ങളിൽ ഗവേഷണനിലവാരം ഉറപ്പുനൽകുന്ന പരമ്പരാഗതമാർഗമാണ് വിദഗ്ദ്ധാ വലോകനം. പ്രാദേശികഭാഷയിലുൾപ്പെടെയുള്ള അക്കാദമികപ്രസിദ്ധീകരണ വ്യവഹാരങ്ങളിൽ അന്താരാഷ്ട്ര അംഗീകാരമുള്ള മാനദണ്ഡങ്ങൾ ഉപയോഗിച്ച് ഉറപ്പിച്ചെടുക്കാൻ നാം ശീലിക്കേണ്ടതായിട്ടുണ്ട്.

**ഭാഷയുടെ രാഷ്ട്രീയം**

മലയാളത്തിലെ നിരവധിസാഹിത്യകൃതികൾ ഇംഗ്ലീഷിലേക്കും മറ്റു ലോകഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. സാഹിത്യത്തിന്റെ ഭാഷ എന്ന നിലയിൽ നമ്മുടെ ഭാഷ ശക്തമാണ്. ദില്ലി സർവകലാശാലയിൽ എന്റെ സുഹൃത്തും രവീന്ദ്രന്റെ (ചിന്ത രവി) മകനുമായ തഥാഗതൻ പങ്കുവെച്ച ചില നിരീക്ഷണങ്ങൾ ഈ അവസരത്തിൽ ഇവിടെ സൂചിപ്പിക്കട്ടെ. അദ്ദേഹത്തിന്റെ പിതാവ് തന്റെ ലോകസഞ്ചാരത്തിന്റെ ഭാഗമായി പലയിടങ്ങളിലും

യാത്ര ചെയ്തിട്ടുണ്ട്. ചില യാത്രകളിൽ അദ്ദേഹം മലയാളിയാണെന്നറിയുമ്പോൾ വായനയിൽ താല്പര്യമുള്ള ദൂരദേശങ്ങളിലെ ആളുകൾ സംസാരിക്കാൻ താല്പര്യം പ്രകടിപ്പിച്ചത് മലയാളത്തിലെ സാഹിത്യകൃതികളെക്കുറിച്ചും സാഹിത്യകാരൻമാരെക്കുറിച്ചും മാത്രമായിരുന്നുവെന്ന് അച്ഛൻ മകനോട് പറഞ്ഞിട്ടുണ്ട്. ഈ അനുഭവം സാഹിത്യഭാഷ എന്നനിലയിൽ മലയാളത്തിനുള്ള സ്വീകാര്യതയെയാണ് സൂചിപ്പിക്കുന്നത്. വിദേശീയരായ മനുഷ്യർ അവരുടെ ഭാഷയിലൂടെ ആയിരിക്കുമല്ലോ നമ്മുടെ കൃതികൾ പരിചയപ്പെടുന്നത്. മലയാളസാഹിത്യകൃതികൾ വിദേശഭാഷകളിൽ ലഭ്യമാകുന്നതിന്റെ പ്രധാന കാരണം രചനകളുടെ മൗലികാംശം കണക്കിലെടുത്തുകൊണ്ടാവും. അതുപോലെതന്നെ സാഹിത്യഭാഷ എന്ന നിലയിൽ മലയാളം ശക്തമായതുകൊണ്ടാണ് ലോകഭാഷകളിലേക്കും മറ്റ് ഇന്ത്യൻഭാഷകളിലേക്കും സ്വാഭാവിക പ്രക്രിയ എന്ന നിലയിൽ തന്നെ അവ വിവർത്തനം ചെയ്യപ്പെട്ടത്. പക്ഷേ സമൂഹശാസ്ത്രം എന്ന വൈജ്ഞാനികമേഖലയെ സംബന്ധിച്ചിടത്തോളം മലയാളം സാഹിത്യഭാഷപോലെ ശക്തമല്ല. അതുകൊണ്ടുതന്നെ സമൂഹശാസ്ത്രരംഗത്ത് മലയാളത്തിൽ രചിക്കപ്പെടുന്ന അക്കാദമികരചനകൾ സാഹിത്യകൃതികളെപോലെ മറ്റുഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടുകൊള്ളണമെന്നില്ല.

ലോകഭാഷകളെ എടുത്താൽ ഒരു വൈജ്ഞാനികഭാഷ എന്ന നിലയിൽ മലയാളം ആകർഷണീയമായ ഭാഷയല്ല. ഭാഷയുടെ ആപേക്ഷിക സ്ഥാനത്തെ അടിസ്ഥാനമാക്കി അത് ഉപയോഗിക്കുന്നതിൽ ഒരു രാഷ്ട്രീയമുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഫ്രഞ്ച് ഭാഷയിലുള്ള സാഹിത്യകൃതികളും വൈജ്ഞാനികകൃതികളും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നത് ഒരു സ്വാഭാവികപ്രക്രിയയാണ്. അതിന് ഫ്രഞ്ച് സംസാരിക്കുന്നവർ പലപ്പോഴും നേതൃത്വം കൊടുക്കേണ്ടിവരാറില്ല. ഇംഗ്ലീഷിനുമുമ്പ് അധികാരത്തിന്റെ ഭാഷയായിരുന്ന ഫ്രഞ്ച്, കുലീനതയുടെയും അധികാരത്തിന്റെയും ഭാഷയായതുകൊണ്ടുതന്നെ അത്തരം ഭാഷകളിൽ രചിക്കപ്പെടുന്ന കൃതികൾ താരതമ്യേന പ്രചുരപ്രചാരത്തോടെ മറ്റുഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നു. ഇത്തരം അനുകൂലഘടകങ്ങൾ നമ്മുടെ മാതൃഭാഷയ്ക്കില്ല. അതുകൊണ്ടുതന്നെ നമ്മുടെ കൃതികൾ മറ്റു ഭാഷകളിൽ പരിചയപ്പെടുത്തുക എന്ന ഉത്തരവാദിത്തം നമ്മൾ തന്നെ ഏറ്റെടുക്കേണ്ടതായിവരും.

ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നായ ഇംഗ്ലീഷുമായി താരതമ്യം ചെയ്യുമ്പോൾ മലയാളത്തിന്റെ ആപേക്ഷികസ്ഥാനത്തിൽ വലിയ അന്തരമുണ്ട്. യുനെസ്കോയുടെ ലോകഭാഷാ അറ്റ്ലസ്പ്രകാരം ഇന്ത്യയിൽ 245 ഭാഷകളാണുള്ളത്. ഇതിൽ ഏറ്റവും കൂടുതൽ പേർ സംസാരിക്കുന്ന ഭാഷ ഹിന്ദിയാണ്. 2011-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ജനസംഖ്യയുടെ 43.63 ശതമാനം മാതൃഭാഷയായി ഹിന്ദി ഉപയോഗിക്കുന്നു. രണ്ടാംഭാഷയോ മൂന്നാംഭാഷയോ ആയി ഹിന്ദി ഉപയോഗിക്കുന്നവരെക്കൂടി ഉൾപ്പെടുത്തിയാൽ ഇത് 57.09 ശതമാനമാകും. ഈ

പട്ടികയിൽ സംസാരിക്കുന്നവരുടെ എണ്ണത്തെ അടിസ്ഥാനമാക്കിയുള്ള ക്രമത്തിൽ പത്താംസ്ഥാനത്താണ് മലയാളം. ഇന്ത്യയിലെ ആകെ ജനസംഖ്യ യിൽ 2.88 ശതമാനത്തിന്റെ മാത്രം മാതൃഭാഷയാണ് മലയാളം. രണ്ടാം ഭാഷ യായി മലയാളം സംസാരിക്കുന്നവരെക്കൂടി കണക്കിലെടുത്താൽപ്പോലും ഇത് 2.93 ശതമാനമേ വരുന്നുള്ളൂ. ഇന്ത്യയിൽ ഇംഗ്ലീഷ് മാതൃഭാഷയായുള്ളവർ ആകെ ജനസംഖ്യയുടെ 0.02 ശതമാനം മാത്രമാണ്. എന്നാൽ രണ്ടാം ഭാഷയായി ഇംഗ്ലീഷ് സംസാരിക്കുന്നവരെക്കൂടി കണക്കിലെടുക്കുമ്പോൾ ഇത് 10.67 ശതമാനമാണ്. അതായത് ഇന്ത്യയ്ക്കകത്തുതന്നെ ഏറ്റവും കൂടുതൽപേർ സംസാരിക്കുന്ന രണ്ടാമത്തെ ഭാഷ ഇംഗ്ലീഷാണ്. ഇന്ത്യയിലെ ജനസംഖ്യയുടെ ചെറിയൊരു ഭാഗം മാത്രം ഉപയോഗിക്കുന്ന ഭാഷ ആയ തിനാൽ വൈജ്ഞാനികഭാഷ എന്ന നിലയിലുള്ള മലയാളത്തിന്റെ വളർച്ച യ്ക്ക് കൃത്യമായ പരിപാലനവും ശ്രദ്ധയും നൽകിക്കൊണ്ട് ഗവേഷകരും അധ്യാപകരും അക്കാദമികമേഖലയിൽ പ്രവർത്തിക്കുന്നവരും ഇടപെടേണ്ട തിന്റെ ആവശ്യകതയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

ഒരു ഭാഷ വളരുന്നതിന് പലതരത്തിലുള്ള ഫലപ്രദമായ ബന്ധങ്ങൾ ആവശ്യമാണ്. ഒറ്റപ്പെട്ടുനിന്നുകൊണ്ട് ഒരിക്കലും ഒരു ഭാഷയ്ക്ക് വളരാൻ സാധിക്കില്ല. ഈ പ്രക്രിയയിൽ ചെയ്യാനുള്ളത് ദേശീയതലത്തിലും അന്തർ ദേശീയതലത്തിലും പ്രശസ്തമായ ഭാഷാസർവകലാശാലകളും ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കുക എന്നതാണ്. ദേശീയ-അന്തർ ദേശീയസ്ഥാപനങ്ങളുമായി സഹകരിച്ച്, മാതൃഭാഷയിലുള്ള വിജ്ഞാനം പരി ചയപ്പെടുത്തിക്കൊടുക്കുന്നതിനും മറ്റുള്ളവയിൽ നിന്ന് സ്വീകരിക്കുന്നതിനും കഴിയണം. ഈ പ്രക്രിയ തുടരുമ്പോൾ വിജ്ഞാനഭാഷ എന്ന നിലയിൽ നമ്മു ടെ ഭാഷ ശക്തമാകുകയും ലോകഭാഷകൾക്കിടയിൽ അതിന്റെ സ്വത്വം ദൃഢ പ്പെടുകയും ചെയ്യും.

ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്താൻ പ്രാപ്തരായ ഫാക്കൽറ്റികളാണ് നമ്മുടെ സർവകലാശാലകളിലും ഗവേഷണ സ്ഥാപന ങ്ങളിലും ഉണ്ടാകേണ്ടത്. അധ്യാപകരുടെ തിരഞ്ഞെടുപ്പിനായി നിലവിൽ തുടരുന്ന രീതികളിൽ ഉദ്യോഗാർത്ഥികളുടെ വൈജ്ഞാനിക സംഭാവ നകൾക്കുകൂടി പ്രാധാന്യം ലഭിക്കണം. ഉദ്യോഗാർത്ഥിക്ക് അഭിമുഖത്തിൽ (interview)നൽകിയ മാർക്കും ഉദ്യോഗാർഥിയുടെ പ്രസിദ്ധീകരണങ്ങളുടെ എണ്ണം (number of publications) മാത്രം കണക്കാക്കി നൽകുന്ന മാർക്കും മാത്ര മാണ് ഇന്ന് നമുക്ക് ലഭിക്കുന്നത്. വെല്ലുവിളിക്കപ്പെടാത്ത സാമൂഹിക-അ ക്കാദമിക ഓഡിറ്റിംഗിനു വിധേയമാക്കാവുന്ന പൊതുരേഖയായി അവശേഷി ക്കുന്ന, ആർക്കും പരിശോധിക്കാവുന്ന ഒരു റിപ്പോർട്ട് നമുക്ക് ലഭ്യമല്ല. ഗുണപരതയെ സംബന്ധിച്ച തെളിവ് അവശേഷിപ്പിക്കുന്നതല്ല നമ്മുടെ തിര ഞ്ഞെടുപ്പുസമ്പ്രദായങ്ങൾ. തിരഞ്ഞെടുപ്പിന്റെ ക്രമം നിശ്ചയിക്കുന്ന പ്രധാന ഘടകം മാർക്കാണ്. അതിന്റെ ഗുണപരതയെ വിശകലനം ചെയ്യുന്നതിന് ഒരു രേഖയും പൊതുജനമധ്യത്തിൽ എത്തുന്നില്ല. ഒരാൾ ഒരു പദവിയിലേക്ക് തിര ഞ്ഞെടുക്കപ്പെട്ടതിന്റെ സാധുത സമൂഹത്തെ ബോധ്യപ്പെടുത്തുന്ന രീതി അവലംബിക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളിൽ ചില വിദേശസർവകലാ

ശാലകളിൽ പിന്തുടരുന്ന മാതൃകകൾ നമുക്ക് അവലംബിക്കാവുന്നതാണ്. സാമൂഹികനീതി ഉറപ്പാക്കിക്കൊണ്ടുതന്നെ കൂടുതൽ മെച്ചപ്പെട്ടരീതികൾ നമുക്ക് രൂപപ്പെടുത്തിയെടുക്കാൻ കഴിയണം.

പ്രശസ്തമായ വിദേശസർവകലാശാലകളിലൊന്നിൽ ചരിത്രവിഭാഗത്തിൽ ലക്ചറർ നിയമനം ലഭിച്ച മലയാളി സുഹൃത്തിന്റെ അനുഭവം അത്തരത്തിലുള്ള ഒരു സാക്ഷ്യപ്പെടുത്തലാണ്. അദ്ദേഹത്തെ തിരഞ്ഞെടുത്തത് അക്കാദമികരചനകളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ്. അതായത് പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളും ഗവേഷണപ്രബന്ധങ്ങളും വിദഗ്ദ്ധ സമിതി വിലയിരുത്തി അതിന്റെ മികവിനെ സംബന്ധിച്ച് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിയമനം നൽകിയിരിക്കുന്നത്. ഇവിടെ എങ്ങനെയാണ് വിലയിരുത്തപ്പെടുന്നത് എന്നതുപോലെത്തന്നെ എന്താണ് വിലയിരുത്തപ്പെടേണ്ടത് എന്നതും പ്രസക്തമാണ്. പ്രസ്തുത സുഹൃത്തിന്റെ ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, റൗത്ത്ലെഡ്ജ് തുടങ്ങിയ പ്രസാധകർ പ്രസിദ്ധീകരിച്ച പുസ്തകങ്ങളും ഏഷ്യൻ സ്റ്റഡീസ്, സൗത്ത് ഏഷ്യപോലുള്ള ജേണലുകളിൽ പ്രസിദ്ധീകരിച്ച പ്രബന്ധങ്ങളും വരെ വീണ്ടും വിദഗ്ദ്ധാവലോകനത്തിന് വിധേയമാക്കിയാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ (evaluation) റിപ്പോർട്ട് തയ്യാറാക്കി നല്കിയിട്ടുള്ളത്. ഒരു രീതിയിലും ചോദ്യം ചെയ്യപ്പെടാനുള്ള അവസരം ഇത്തരം നിയമനപ്രക്രിയകൾ നൽകുന്നില്ല. കാരണം തിരഞ്ഞെടുക്കപ്പെട്ടയാളെ തിരഞ്ഞെടുക്കാൻ യോഗ്യമാക്കിയ കാരണങ്ങൾ വ്യക്തമായി രേഖപ്പെടുത്തപ്പെടുകയും അത് പൊതുജനങ്ങൾക്ക് പോലും പരിശോധിക്കാവുന്ന തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഗുണമേന്മാപരിശോധനാമാനദണ്ഡങ്ങൾ അവലംബിക്കുകയാണെങ്കിൽ മൂല്യനിർണ്ണയവും വിലയിരുത്തൽ സമ്പ്രദായവും സുതാര്യവും കുറ്റമറ്റതുമാക്കാൻ നമുക്ക് സാധിക്കും.

**ഉപസംഹാരം**

ചിന്തകളും ആശയങ്ങളും വിനിമയം ചെയ്യുന്നത് ഭാഷയിലൂടെയാണ്. ഒരു ജനതയുടെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയനിലമ, ശാസ്ത്ര-സാങ്കേതികപുരോഗതി, തുടങ്ങി ഒരു സമൂഹത്തിന്റെ എല്ലാ അറിവുകളും ഭാഷയിലൂടെയാണ് നിർമിക്കപ്പെടുന്നതും വിനിമയം ചെയ്യപ്പെടുന്നതും. കൂടാതെ, ഒരു പ്രദേശത്തിന്റെയോ രാജ്യത്തിന്റെയോ സാംസ്കാരികവികസനം ഭാഷയുടെ സമ്പന്നതയെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ, ഒരു സമൂഹത്തെ നശിപ്പിക്കുന്നതിന്, ആ സമൂഹത്തിന്റെ ഭാഷ നശിപ്പിച്ചാൽ മതിയെന്ന് പറയാറുണ്ട്. ഒരു ഭാഷയ്ക്ക് സൗഹാർദ്ദപരമായ അന്തരീക്ഷത്തിലേ വളരാൻ കഴിയൂ. 1956-ൽ കേരളസംസ്ഥാനം ഭാഷാപരമായി പുനഃസംഘടിപ്പിച്ചതു മുതൽ, മലയാളം ഔദ്യോഗികഭാഷയായി നടപ്പിലാക്കാൻ സർക്കാർ തലത്തിൽ ആത്മാർത്ഥമായ പല ശ്രമങ്ങളും നടന്നുവരുന്നുണ്ട്. എന്നാൽ, ഭരണ-വൈജ്ഞാനികഭാഷയെന്നനിലയിൽ മലയാളത്തെ ഉപയോഗിക്കുന്നതിന് വിപുലമായ തയ്യാറെടുപ്പുകൾ നടത്തുന്നുണ്ടെങ്കിലും ലക്ഷ്യപ്രാപ്തിയിലെ

ത്തുന്നില്ല. വൈജ്ഞാനികഭാഷ എന്ന നിലയിൽ മലയാളഭാഷയെ ശക്തിപ്പെടുത്തുന്നതിന് ബഹുമുഖമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. വിജ്ഞാന നിർമ്മിതി, അവയുടെ രേഖപ്പെടുത്തൽ, മലയാളത്തിൽനിന്നും മറ്റുഭാഷകളിലേക്കും തിരിച്ചുമുള്ള പരിഭാഷപ്പെടുത്തൽ എന്നിവ ഇവയിൽ പ്രഥമഗണനീയമാണ്. നമ്മുടെ ഉന്നതവിദ്യാഭ്യാസ-ഗവേഷണരംഗങ്ങളിൽ പ്രവർത്തിക്കുന്ന അധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ ഇവരെല്ലാം മലയാളത്തിലൂടെ വിജ്ഞാനവ്യാപനം നടത്താൻ സന്നദ്ധരാകണം. ഭാഷയ്ക്കും ഒരുപോലെതന്നെ സമൂഹശാസ്ത്രം പോലുള്ള അനുബന്ധവിജ്ഞാനശാഖകൾക്കും ആഴത്തിലുള്ള ഗവേഷണപ്രവർത്തനങ്ങൾക്കും വളക്കൂറുള്ള നിലമാകണം നമ്മുടെ സർവകലാശാലകൾ.

**അധികവായനയ്ക്ക്**


Antia, Bassey Edem. 2000. *Terminology and Language Planning: An Alternative Framework of Practice and Discourse.* Amsterdam: John Benjamins Publishing Company.

Aunger, Edmund A. 1993. 'Regional, National and Official Languages in Belgium'. *International Journal of the Sociology of Language,* 104: 31-48.

Bligh, D. 1998. *What's the Use of Lectures?* 5th edn, Intellect, Exeter

Brown, G. 1978. *Lecturing and Explaining,* Methuen, London.

Bygate, M, Tonkyn, A and Williams, E (eds). 1994. *Grammar and the Language Teacher,* Prentice-Hall, Hemel Hempstead.

Bourdieu, P. 1977. ‘The Economics of Linguistic Exchanges'. *Social Science Information,* 16(6), 645-668. https://doi.org/10.1177/053901847701600601.

Coleman, J A. 1996. *Studying Languages. A Survey of British and European Students,* CILT,London.

Cooper, R. 1990. *Language Planning and Social Change.* Cambridge: Cambridge University Press.

Das, V. 1993. 'Sociological Research in India: The State of Crisis'. *Economic and Political Weekly*, 27 (23), 5 June: 1159-61.

Deb, Kushal. 1998. 'Teaching Sociology in a Regional University'. *Sociological Bulletin,* 47 (2): 242-48.

Desai, N. and S. Gogate. 1970. 'Teaching of Sociology through the Regional Language', *Sociological Bulletin*, 19 (1) March: 51-61.

Deshpande, Satish. 1994. 'Crisis in Sociology: A Tired Discipline?'. *Economic and Political Weekly*, 29 (10) 5 March: 575-76.

Engel, D and Myles, F (eds). 1996. *Teaching Grammar: Perspectives in Higher Education,* AFLS/CILT, London.

Falk, B and Dow, K L.1971. *The Assessment of University Teaching,* Society for Research into Higher Education, London.

Fraser, J. 1996. 'I understand the French, but I don't know how to put it into English': developing undergraduates' awareness of and confidence in the translation process, in *Teaching Translation in Universities,* eds P Sewell and I Higgins, pp 121-34, AFLS/CILT, London.

Hervey, S and Higgins, I. 1992. *Thinking Translation: A Course in Translation Method,* Routledge, London. Available in French (1992), German (1995), Spanish (1995) and Italian (1999).

Jarvis, P, Holland, J and Griffin, C.1998. *The Theory and Practice of Learning,* Kogan Page, London.

Lambert, W and Gardner, R. 1972. *Attitudes and Motivation in Second Language Learning,* Newbury House, Rowley, Massachusetts.

Laurillard, D.1993. *Rethinking University Teaching,* Routledge, London.

Marshall, K. 2001. *Survey of Less Specialist Language Learning in UK Universities (1998-99)*, unpublished report of the University Council for Modern Languages.

Mitchell, R and Myles, F. 1998. *Second Language Learning Theories,* Arnold, London.

Nuttall, C. 1982. *Teaching Reading Skills in a Foreign Language,* Heinemann Education, London.

Pachler, N and Field, K. 1997. *Learning to Teach Modern Foreign Languages in the Secondary School,* Routledge, London.

Saunders, K. 1996. Grammatical Accuracy: A Response to Derek McCulloch, *German Teaching,* 13, pp 30-32.

Sewell, P. 1996. *Translation in the curriculum, in Teaching Translation in Universities,* eds P Sewell and I Higgins, pp 135-60, AFLS/CILT, London.

Ramsden, P. 1992. *Learning to Teach in Higher Education,* Routledge, London.